# അക്ഷരം

## ഓണപ്പതിപ്പ്

സെപ്റ്റംബർ- 2017



പൂനിലാവിൽ പെയ്ത നന്മതൻ തുള്ളികൾ

തുമ്പക്കുടങ്ങളിൽ ചിരിതൂകി നിന്നു!

**TROMBAY TOWNSHIP FINE ARTS CLUB (Regd.)**

Room No.1, Cultural Complex, Takshasila square, Anushaktinagar, Mumbai-94

Telephone : 022-25527115, email : ttfac@hotmail.com, Web site : www.ttfac.org

# അക്ഷരം

ഇ-മാഗസിൻ
ഒരു ടി.ടി.എഫ്.എ.സി. പ്രസിദ്ധീകരണം
ലക്കം 3, സെപ്റ്റംബർ 2017
aksharam.ttfac@gmail.com

**എഡിറ്റർ**

ശ്രീ. സുധീർ മുഹമ്മദ്

**രക്ഷാധികാരികൾ**

ശ്രീ. മുരളീധരൻ നന്നാട്ട്,
*പ്രസിഡന്റ്, ടി.ടി.എഫ്.എ.സി*

ശ്രീ. രതീഷ് എം. പി.,
*സെക്രട്ടറി, ടി.ടി.എഫ്.എ.സി*

ജയകൃഷ്ണൻ വി. ബി.
*ട്രഷറർ, ടി.ടി.എഫ്.എ.സി*

**നിർവ്വാഹക സമിതി**

ശ്രീ. വിജു ചിറയിൽ

ശ്രീ. പ്രദീപ് ആർ.

ശ്രീ. ശ്രീപ്രസാദ് വി.

ശ്രീ. സുനിൽ ഡി. ജോർജ്ജ്
*(ഡിസൈൻ, ലേ-ഔട്ട്)*

**ഇല്ലസ്ട്രേഷൻ**

ശ്രീമതി. ജിൽജു രതീഷ്

**മുഖചിത്രം**

ഡോ. മാധവ് ബി. മല്ല്യ

## ഉൾത്താളുകളിൽ...

1. **പ്രവാസിയുടെ ഓണം ബോംബെയിലും മുംബൈയിലും** — 4
   Dr. എ. വേണുഗോപാലൻ
2. **ഓണം എന്റെ കാഴ്ചപ്പാടിൽ** — 7
   രാജി വിദ്യാനന്ദൻ
3. **Feast O' Feast!!!** — 10
   Dr. K. V. Vimalnath
4. **ഓണനിലാവ്** — 11
   ആശാമോൾ എൻ. എസ്
5. **അമീബ** — 15
   കണക്കൂർ സുരേഷ്കുമാർ
6. **ഇതര സംസ്ഥാന മലയാളികൾ- കേരളമെന്ന 'ആശയം' പ്രചരിപ്പിക്കേണ്ടവർ** — 17
   കെ.കെ പ്രകാശൻ, ദീപക് പച്ച
7. **കുറുവരികൾ** — 24
   പി. വിശ്വനാഥൻ
8. **മൊബൈൽ ഫോൺ** — 25
   വിൽസൺ
9. **Cancer, I wish it had a name...like an 'Apple' or a 'Strawberry'!** — 29
   Prathibha Pradosh
10. **ഇരുൾ രൂപം** — 31
    കീഴാറൂർ ചന്തു
11. **ട്രാൻസ്പോർട്ടേഷൻ പ്രോബ്ലം** — 34
    പത്മകുമാർ
12. **QUIZ TIME AFTER THE BREAK!** — 37
    P. Harikumar
13. **നേരം** — 39
    ബോബി വത്സരാജ്
14. **രണ്ടു ചെറുകഥകൾ** — 40
    നോബിൾ ജേക്കബ്ബ്
15. **നേട്ടവും നഷ്ടവും** — 42
    മായാദത്ത്

# എഡിറ്റോറിയൽ

വൈവിധ്യങ്ങളുടെ നാടാണ് ഭാരതം. എന്നാൽ, ഓണത്തെപ്പോലെ മതേതരമായ ആഘോഷം വേറേ ഒരിടത്തും ഇല്ല. ഒരു 'നല്ല ലോകത്തി'ന്റെ സങ്കല്പം മനസ്സുകളെ ഒരുമിപ്പിക്കുന്നു. നിർവചിക്കപ്പെട്ട ദൈവങ്ങൾക്കുപരി നീതിയോടൊപ്പം നിലകൊള്ളാനുള്ള മലയാളിയുടെ ചങ്കുറപ്പാണ് കേരളത്തെ ദൈവത്തിന്റെ സ്വന്തം നാടാക്കിമാറ്റിയത്.

ഈ ആസുര കാലത്ത് അത് നഷ്ടപ്പെട്ട് പോകാതിരിക്കട്ടെ ....

ആ നഷ്ട പ്രതാപത്തിലേക്ക് പേനകൾ പടവാളാക്കിയ എഴുത്തുകാർ നമ്മളെ കൂട്ടിക്കൊണ്ടുപോകും എന്ന പ്രത്യാശയോടെ....



സസ്നേഹം

സുധീർ മുഹമ്മദ്
എഡിറ്റർ
sudheerkmuhammed@gmail.com





# പ്രവാസിയുടെ ഓണം
# ബോംബെയിലും മുംബൈയിലും

എ. വേണുഗോപാലൻ

ഞാൻ ബോംബെയിൽ എത്തുന്നത് 1969 മധ്യത്തിലാണ്; കരിവണ്ടിയും ആർക്കോണത്തെ കാത്തുകിടപ്പും ഒക്കെ നിലവിലുണ്ടായിരുന്ന ഒരു കാലത്ത്. ട്രാമുകൾ അന്നേക്ക് അപ്രത്യക്ഷമായികഴിഞ്ഞിരുന്നു; അതൊക്കെ കൽക്കത്തക്കു കൊണ്ടുപോയി എന്നായിരുന്നു പ്രചാരത്തിലുണ്ടായിരുന്ന കഥ. ട്രാമോടിയിരുന്ന റയിലുകൾ ദാദറിലെ ട്രാം ടെർമിനസ് (ടി.ടി.) വരെ അപ്പോഴും ബാക്കിയുണ്ടായിരുന്നു. ട്രാമിനുപകരം വൈദ്യുതിയിലോടുന്ന ബസ്സുകളായിരുന്നു അന്നുണ്ടായിരുന്നത്; വൈദ്യുത തീവണ്ടികൾ പോലെ ആകാശത്തു വലിച്ചുകെട്ടി അഴ പോലെ നിർത്തിയിരിക്കുന്ന വൈദ്യുത കമ്പിയിലേക്ക് ബസ്സിന്റെ മുകളിൽനിന്ന് തോട്ടിപോലൊരു സംവിധാനം കൊണ്ട് ബന്ധം സ്ഥാപിക്കുന്നു, ട്രാം പോലെത്തന്നെ റോഡിന്റെ നടുവിലൂടെ അലസഗമനം നടത്തിയിരുന്ന ഈ സംഭവം ഒട്ടും പച്ച പിടിച്ചില്ലെന്നു തോന്നുന്നു; അതിലൊന്ന് കയറി നഗരക്കാഴ്ചകൾ ആസ്വദിക്കണം എന്ന് പരിപാടിയിട്ട് വരുമ്പോഴേക്കും അവയും റോഡിൽ നിന്ന് അപ്രത്യക്ഷമായിക്കഴിഞ്ഞിരുന്നു. ഇതൊക്കെ പക്ഷെ, ദക്ഷിണ ബോംബെ എന്ന നഗര പ്രദേശത്തു മാത്രം. വടക്കൻ ഭാഗത്ത് തല ശരീരത്തിൽനിന്നും വേർപെടുത്തി നിൽക്കുന്ന ഭീമാകാരന്മാരായ ഡബിൾ ഡക്കർ ബസ്സുകൾ റോഡു ഭരിച്ചു; ബി.എ.ആർ.സി സൗത്ത് ഗേറ്റിൽ നിന്നും നഗരത്തിലേക്കോടിയിരുന്ന 6 LTD ഈ ജനുസിൽപ്പെട്ട ഒന്നായിരുന്നു. ഇതെല്ലാം പക്ഷെ ബോംബെ നഗരത്തിലായിരുന്നു, മുംബൈ അവതരിക്കുന്നതിനു മുൻപ്.

നഗരത്തിന്റെ പൈതൃകം തങ്ങൾക്ക് സ്വന്തം എന്ന് സ്ഥാപിച്ചെടുക്കുന്ന ഭാഷാഭ്രരിപക്ഷ മുഷ്ടിൽ എപ്പോഴോ ബോംബെ, മുംബൈ ആയി. പഞ്ചാംഗഗണിതങ്ങൾ സൗരാഷ്ട്രീയ മുഷ്ടകൾക്കപ്പുറമായതുകൊണ്ടാകണം ഗണപതി ഉത്സവവും ഓണവും എന്നും തൊട്ടുരുമ്മിതന്നെ വന്നു. ഗണപതി വിസ്സർജ്ജനത്തിനുശേഷം ഉത്സവപ്പന്തലുകൾ മലയാളികൾക്ക് ഓണം ആഘോഷിക്കാൻ മറാത്തികൾ സൗമനസ്യപൂർവം വിട്ടുകൊടുത്തിരുന്ന ഒരു മധുര-മനോജ്ഞ കാലത്തെക്കുറിച്ച് ശ്രീമാൻ "നഗരായനം" എന്ന ആത്മകഥയിൽ സ്മരിക്കുന്നുണ്ട്; വി.കെ.കൃഷ്ണമേനോൻ ബോംബയിൽനിന്ന് നിഷ്പ്രയാസം ലോകസഭയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന, മലയാളി മാധവൻ ബോംബെ മേയറാവുന്ന കാലം. അത്തരം ഗാഢ സൗഹൃദങ്ങളൊന്നും കാണാനുള്ള ഭാഗ്യം എനിക്കുണ്ടായില്ല; എന്നാലും ഭാഷാടിസ്ഥാനത്തിലുള്ള സ്പർധകളൊന്നും അന്നു മറനീക്കി പുറത്തുവന്നിരുന്നില്ല;

എല്ലാ ഭാഷാ ന്യൂനപക്ഷങ്ങൾക്കും മുഖ്യധാരയിൽ ഭയമൊന്നും കൂടാതെ ചേർന്നുനിൽക്കാനുള്ള അന്തരീക്ഷം തീർച്ചയായും നിലനിന്നിരുന്നു.

എണ്ണത്തിൽ കുറവായിരുന്നെങ്കിലും ഉള്ള മലയാളി സമാജങ്ങൾ സമൂഹത്തിന്റെ ആവശ്യങ്ങൾ അറിഞ്ഞ് പ്രവർത്തിച്ചിരുന്ന കാലമായിരുന്നു അത്. ഒരു ദിവസം താമസിച്ചായാലും എത്തുന്ന മലയാള പത്രങ്ങളും, ലൈബ്രറിയിലെ പുസ്തകങ്ങളും വായിക്കാനെത്തുന്നവരുടെ ബഹളം, സാഹിത്യ-രാഷ്ട്രീയ ചർച്ചകൾ, കലാപ്രവർത്തനങ്ങൾ... എല്ലാ സമാജങ്ങളുടെയും അജണ്ടയിലെ മുഖ്യ ഇനം ഓണാഘോഷം തന്നെ. ഓണത്തിന്റെ മതേതരമായ അപ്പീൽ തന്നെ ആയിരിക്കണം ഇതിനു കാരണം. ഓണസദ്യ അന്നു പക്ഷേ തികച്ചും വ്യക്തിഗതമായ ഒരു വിഷയമായിരുന്നു; കേരളത്തിലെ പോലെ തന്നെ. അവിവാഹിതരും കുടുംബം കൂടെയില്ലാത്തവരും ഏതെങ്കിലും ഒരു വീട്ടിൽ ഒത്തുകൂടി ഓണസദ്യയൊരുക്കി; കുടുംബവുമായി താമസിച്ചിരുന്ന ഭാഗ്യവാന്മാർ വളരെ വേണ്ടപ്പെട്ട 'ഒറ്റയാൻ'മാരെ ഓണസദ്യക്ക് ക്ഷണിച്ചു. ഓണത്തിന് ലീവെടുക്കുന്നത് മിക്ക മലയാളികൾക്കും ഒരഭിമാനപ്രശ്നമായിരുന്നു.

മലയാളിസമാജങ്ങളുടെയും മറ്റ് സാമൂഹ്യസംഘടനകളുടെയും ഓണാഘോഷം മുഖ്യമായും കലാപരിപാടികൾ ഒരുക്കലായിരുന്നു. അതിൽ സർവ്വപ്രധാനം നാടകം തന്നെ. ഓണത്തിനുശേഷവും ആഴ്ചകൾ നീളുന്ന ഓണാഘോഷകലാവിരുന്നുകൾക്ക് നഗരം സാക്ഷിയാവും.

ആഴ്ചകൾ നീണ്ടുനിൽക്കുന്ന റിഹേഴ്സലുകൾക്കും തയ്യാറെടുപ്പുകൾക്കും ശേഷമാണ് ഒരു നാടകവും മറ്റ് കലാപരിപാടികളും അരങ്ങിൽ എത്തുന്നത്. റിഹേഴ്സൽ കാലത്തെ ഇണക്കങ്ങളും പിണക്കങ്ങളുമൊക്കെയായി പതുക്കെ സംഘത്തിൽ രൂപപ്പെടുന്ന ഒരു ഗാഢസൗഹൃദമുണ്ട്; ഏതു കൂട്ടായ്മയുടെയും essence അതാണ്. സമാജം പ്രവർത്തനങ്ങളിൽ അന്നുണ്ടായിരുന്ന ഓജസ്സിന്റെയും ഉത്സാഹത്തിന്റെയും അടിസ്ഥാനം ഒരു പക്ഷേ ഇതൊക്കെത്തന്നെ ആയിരുന്നിരിക്കണം.

എൺപതുകളുടെ പകുതിയാവുമ്പോഴേക്കും നഗരത്തിലെ മലയാളി സമൂഹത്തിന്റെ ഘടനയിൽ വ്യക്തമായ വ്യത്യാസങ്ങൾ വരാൻ തുടങ്ങിയിരുന്നു. ബോംബേയിലേക്കുള്ള മലയാളി ഭാഗ്യാന്വേഷികളുടെ ഒഴുക്ക് കാര്യമായി കുറയാൻ തുടങ്ങിയിരുന്നു. ഗൾഫ് നാടുകളുടെ ആകർഷണം അതിലൊരു പ്രധാനഘടകമായിരുന്നു. നഗരത്തിലെ മാറിയ സാമ്പത്തിക-സാമൂഹ്യ-രാഷ്ട്രീയ സമവാക്യങ്ങളും ഈ താല്പര്യക്കുറവിനെ സ്വാധീനിച്ചിരിക്കണം. വാശിയേറിയ മൽസരങ്ങൾക്ക് സാക്ഷിയാകുമായിരുന്ന സമാജങ്ങളുടെ തിരഞ്ഞെടുപ്പുകൾ സമാജഭാരവാഹിത്തം അടിച്ചേൽപ്പിക്കപ്പെടുന്ന പ്രഹസനവേദികളായി. ഓണാഘോഷം 'ഊണാഘോഷ'മായി മാറുന്നത് ഇക്കാലത്താണ്. പൊതുപ്രവർത്തനം പൊതുവെ

നഗരത്തിലെ മലയാളികൾക്ക് അന്യമാവുകയായിരുന്നു. സാമാന്യേന ഭേദപ്പെട്ട വേതനം നൽകുന്ന വിവരസാങ്കേതികരംഗത്തെ കമ്പനികൾ പ്രചരിപ്പിച്ച വികലമായ തൊഴിൽ-സേവന വ്യവസ്ഥകൾ ഈ സംസ്കാരത്തിന് ആക്കം കൂട്ടി എന്നു തോന്നുന്നു. സദ്യ ഏർപ്പാടാക്കുന്നത് കരാറുകാരനാവുമ്പോൾ ആളില്ലാത്തതിന്റെ അലോസരം പ്രശ്നമല്ലാതാവുമല്ലോ!

വീട്ടു മുറ്റത്ത് മെഴുകിയ കളത്തിൽ ഒരു ശ്രീത്വം ആയി വന്നിരുന്ന, നാടൻ പൂവിന്റെ പൂക്കളം ഒരു താരമായി മാറുന്നതും ഇക്കാലത്താണ്. നഗരത്തിലെ ഓണത്തിന്റെ ഒരു പ്രധാന ഘടകം പൂക്കളവും പൂക്കള മത്സരവും ആയി മാറി; ദാദർ പൂമാർക്കറ്റിലെ പലവിധം പൂക്കൾ ഒരുക്കുന്ന പൂക്കളം എന്ന സംഭവം നഗരത്തിലെ ഒരു കലാരൂപമായി മാറി. ജാതി മത ലിംഗ ഭേദങ്ങൾക്കതീതമായി ആളുകൾ ഇതിൽ പങ്കുചേരുന്നു; അന്യ ഭാഷക്കാരും പതുക്കെ എങ്കിലും ഈ 'രംഗോലി' നിർമാണത്തിൽ ഭാഗമാകാൻ തുടങ്ങിയിരിക്കുന്നു എന്നത് ഓണത്തിന്റെ സാർവ്വദേശീയ അംഗീകാരമായി നമുക്ക് കണക്കാക്കാം. നാട്ടിൽ നിന്നും പലരും സംഘടിപ്പിച്ചു കൊണ്ടുവന്നിരുന്ന മരത്തിലും മണ്ണിലും തീർത്ത മാതേവന്മാർ അട്ടത്തെ സ്ഥിര താമസക്കാരായി. രാജാപ്പാർട്ട് കെട്ടിയിരുന്ന മഹാബലിയെ ഓണാഘോഷത്തിന്റെ ഭാഗമാക്കി എഴുന്നെള്ളിച്ചു കൊണ്ടുവരാൻ തുടങ്ങിയതോടെ സംഗതി ഉഷാർ. പണ്ടൊന്നും പറഞ്ഞു കേൾക്കാത്ത സംഭവം ഏതു രസികന്റെ തലയിലാണാവോ ഉദിച്ചത്! ഏതായാലും ഇന്നിപ്പോൾ മുംബൈയിലെ ഓണം പൂക്കള മത്സരവും മഹാബലി എഴുന്നള്ളത്തും പിന്നെ വിസ്തരിച്ചു വാഴയിലയിൽ വിളമ്പുന്ന ഊണും എന്ന ലളിത സമവാക്യത്തിൽ ഒതുങ്ങുന്ന ഏർപ്പാടായി. അതിനിടക്ക് അത്യാവശ്യംഒരു കൈകൊട്ടിക്കളിയും കുട്ടികളുടെ ഡാൻസും ചില മിമിക്രിയും ഒക്കെയായി ഊണ് വരെ മടുക്കാതെ കഴിക്കാൻ ചില്ലറ പരിപാടികൾ. നാട്ടിൽ ഇതുപോലുമില്ലല്ലോ സാർ എന്ന് വ്യാകുലപ്പെടുന്നവരും ഉണ്ടാകും.

സമയത്തിന് അഥവാ കാലത്തിന്, വിസ്മയിപ്പിക്കുന്ന ചാക്രിക സ്വഭാവം ഉണ്ട് എന്നാണ് എന്റെ തോന്നൽ. എൺപതുകളുടെ അവസാനത്തിൽ നമ്മൾ ഉപേക്ഷിച്ച നാടക പ്രേമവും മലയാളപഠനവും മലയാള സംസ്കൃതിയോടുള്ള സ്നേഹവും ഒക്കെ തിരിച്ചു വരുന്നതിന്റെ കൃത്യമായ അടയാളങ്ങൾ കാണാൻ തുടങ്ങിയിട്ടുണ്ട്. ഒന്നും പഴയ പോലെ ആകും എന്നല്ല. അതരുത് താനും. മലയാളത്തനിമ അഥവാ നമ്മുടെ സ്വത്വം തിരിച്ചു പിടിക്കാനുള്ള ഒരു ത്വര ഇന്ന് പരക്കെ ദൃശ്യമാണ്; മലയാളം വേണ്ട പോലെ പറയാൻ പോലും അറിയാത്ത, ഇവിടെ ജനിച്ചു വളർന്ന പുതുതലമുറയുടെ ഇടയിൽ പോലും സാർവദേശീയമായ ഓരോന്നും ആഘോഷിക്കാനുള്ള, പാരമ്പര്യത്തെയും തനിമയേയും അവഗണിക്കാത്ത ഒരു രീതി പതുക്കെ മലയാളി സമൂഹം കണ്ടെത്തും, അതും അധികം താമസിയാതെതന്നെ.

# ഓണം എന്റെ  കാഴ്ചപ്പാടിൽ



## രാജി വിദ്യാനന്ദൻ

“ഹായ് മാഡം! കൽ ആപ്കാ ഓണം ഹേ ന?”

ഓഫീസ് ഗേറ്റിൽ ഐ കാർഡ് പഞ്ച് ചെയ്തു ധൃതിയിൽ പുറത്തു കടന്ന എന്നോട് അയാൾ ചോദിച്ചു.

"ങ്ഹാ"

"ഹാപ്പി ഓണം"

"താങ്ക് യു ആൻഡ് സെയിം ടു യു"

"ഓണം കെ ദിൻ ആപ് ലോഗ് ഖീർ ബനാതെ ഹൈ ന, ബഹുത് ടെസ്റ്റി ഹൈ. അസലി മേ ഓണം ക്യാ ഹൈ?

ഹൌ !! ഈ കഥകളൊക്കെ എങ്ങനെ ഇയാളോട് പറയും. കഥകളും ഉപകഥകളുമായി ഒരുപാടു വിസ്തൃതമായ ഒരു ഗവേഷണ വിഷയം തന്നെ ആയിരിക്കുന്നു ഇപ്പോൾ മഹാബലിയും അതിനോടനുബന്ധിച്ചുള്ള കഥകളും. എവിടെ നിന്ന് തുടങ്ങും എന്ന് ശങ്കിച്ചു നിൽക്കുമ്പോൾ ഭാഗ്യമെന്നു പറയട്ടെ, പതിവിനു വിപരീതമായി തൊട്ടടുത്തു വന്നു നിന്ന ഓട്ടോയിൽ  കയറി അയാൾപോയി. ഒരു വിഷമ സന്ധിയിൽ നിന്ന് കര കേറിയ ആശ്വാസത്തോടെ ഞാൻ മുന്നോട്ടു നടന്നു. അപ്പോഴും ഈ ഓണം എന്താണ് എന്ന അയാളുടെ ചോദ്യം പല്ലിന്റെ ഇടയിൽ കുരുങ്ങിയ ഉപ്പേരി കഷണം പോലെ എന്റെ മനസ്സിനെ അലോസരപ്പെടുത്തികൊണ്ടിരുന്നു.

മഹാവിഷ്ണുവിന്റെ പത്ത് അവതാരങ്ങളിൽ അഞ്ചാമത്തെ അവതാരമാണ് വാമനൻ. ബ്രഹ്മ പൌത്രനും മരീചി പുത്രനുമായ കാശ്യപന് ദിതിയിൽ ജനിച്ച ഹിരണ്യ കശിപുവിന്റെ പുത്രനായ പ്രഹ്ലാദനിൽ നിന്ന് വിരോചനും വിരോചനിൽ നിന്നും ബലിയും ജനിച്ചു. അസുരന്മാരുടെ ചക്രവർത്തിയായ ബലിയുടെ വളർച്ചയിൽ ഭയന്ന ദേവന്മാർ, മഹാബലി തന്നെ സ്ഥാനഭ്രഷ്ടനാക്കി സ്വർഗലോകം തന്നെ കൈയടക്കിയേക്കുമോ എന്ന് ദേവേന്ദ്രനും ആശങ്കയുണ്ടായി. ദേവന്മാർ മഹാവിഷ്ണുവിനെ കണ്ടു സങ്കടം ഉണർത്തിച്ചതനുസരിച്ചു ഭഗവാൻ വിഷ്ണു വാമനനായി മഹാബലിയുടെ അടുത്ത് ചെന്ന് 3 അടി മണ്ണ് ചോദിച്ചതും ശുക്രാചാര്യർ തടഞ്ഞിട്ടും ധർമ്മിഷ്ഠനായ മഹാബലി ദാനം ചെയ്യാൻ സമ്മതിച്ചു. രണ്ടു

അടികൊണ്ടു ഭൂമിയും സ്വർഗ്ഗവും അളന്നെടുത്ത് മൂന്നാമത്തെ അടിക്കു തന്റെ ശിരസ്സു തന്നെ നീട്ടി കൊടുത്ത മഹാബലിയെ പാതാളത്തിലേക്ക് ചവിട്ടിത്താഴ്ത്തിയെന്നു പ്രൈമറി ക്ലാസ്സിൽ പഠിച്ച കഥയും അതിനോടൊപ്പമുള്ള കുടവയറൻ പാവം മാവേലിയും എത്ര പണിപ്പെട്ടിട്ടും മനസ്സിൽ നിന്ന് പിടിച്ചു മാറ്റാൻ പറ്റുന്നില്ല. പിന്നീടു വലുതായപ്പോൾ എവിടെയൊക്കെയോ വായിച്ചു. കഥയുടെ ടിസ്റ്റ്. മഹാബലി തികഞ്ഞ വിഷ്ണു ഭക്തനാണ് തന്റെ ഭക്തനെ പാതാളത്തിലേക്ക് ചവിട്ടി താഴ്ത്താൻ മാത്രം ദുഷ്ടനല്ല ഭഗവാൻ. മഹാബലിയുടെ ഭക്തിയിൽ സന്തുഷ്ടനായ ഭഗവാൻ, തന്റെ പാദ സ്പർശത്താൽ മുക്തി നൽകി, സ്വർഗത്തിനേക്കാൾ സമ്പത്സമൃദ്ധമായ സുതലത്തിലേക്കാണ് പറഞ്ഞയച്ചതെന്നും അവിടെ മഹാബലി സന്തുഷ്ടനായി, ചിരഞ്ജീവിയായിരിക്കുന്നെന്നും പുരാണങ്ങളിൽ അത് വ്യക്തമായി എഴുതിയിട്ടുണ്ടെന്നും.

ഈ അടുത്ത കാലത്ത് ഓണം എന്ന പേര് മാറ്റി വാമന ജയന്തിയാക്കണമെന്ന വാദമുഖങ്ങൾ സോഷ്യൽ മീഡിയയിലും മറ്റും വ്യാപകമായി പ്രചരിക്കുന്നു. ഭഗവാന്റെ അവതാരമായ വാമന മൂർത്തിയെ വന്ദിക്കുകയും പ്രകീർത്തിക്കുകയും ചെയ്യുന്നതിനു പകരം അസുരനായ (ആസുര സ്വഭാവമുള്ള) വ്യക്തിയെ വന്ദിക്കുകയും പ്രകീർത്തിക്കുകയും ചെയ്യുന്നത് തെറ്റാണെന്നുള്ള പുതിയ വാദമുഖങ്ങളും നടക്കുന്നു. മഹാബലി കേരളത്തിലെ രാജാവല്ലെന്നും അയൽസംസ്ഥാനക്കാരനാണെന്നും അവിടെയുള്ളവർ കേരളത്തിലേക്ക് കുടിയേറിയപ്പോൾ കൂടെ കൊണ്ട് വന്നതാണ് ഈ മാവേലി സങ്കല്പമെന്നും മറ്റൊരു മതം. വിവാദങ്ങളുടെ നൂലാമാലകളിൽ ഉഞ്ഞാൽ ആടാൻ മലയാളിക്കുള്ളപോലെ ഔത്സുക്യം മറ്റാർക്കാ ഉള്ളത്?

അല്ല, ചിലപ്പോൾ മഹാബലി തന്നെ വിഷ്ണു ഭഗവാനെ കണ്ടു സങ്കടം ഉണർത്തിച്ചിരിക്കാം "ഇനി എനിക്ക് എല്ലാകൊല്ലവും പ്രജകളെ കാണാൻ പോകണ്ട, മടുത്തു. അങ്ങ് തന്നെ അവരുടെ മനസ്സ് മാറ്റി എന്നെ ഇതിൽനിന്നു ഒഴിവാക്കിയാലും" എന്ന്. അതായിരിക്കാം ഇതുവരെയില്ലാതിരുന്ന വാമനജയന്തി ആശയം ഇപ്പോൾ മുളപൊട്ടിയത്. കാരണം എന്ത് തന്നെ ആയാലും, കാലാനുസൃതമായ മാറ്റങ്ങൾ സംഭവിക്കാതെ തരമില്ലല്ലോ. ഓണം എന്ന സങ്കൽപം വാമനജയന്തിക്ക് കൈമാറുന്ന കാലം വിദൂരത്തിലല്ല. ഒരുപക്ഷെ ഇനിവരുന്ന തലമുറക്ക് ഈ മഹാബലി തികച്ചും അപരിചിതനായി മാറാം. ഓലക്കുടയും പിടിച്ചു ഒരു കാൽ മേൽപ്പോട്ടു ഉയർത്തി നിൽക്കുന്ന കുട്ടി വാമനനെ മാത്രമായിരിക്കും അവർക്ക് പരിചിതം.

ഓണമെന്ന ഐതിഹ്യവും അതിനോടനുബന്ധിച്ച കാല്പനീക കഥകളും തത്കാലം മാറ്റി വെക്കാം. ഈ കഥകളൊക്കെത്തന്നെ ഓണ പ്രോഗ്രാമിനു നടത്തുന്ന പ്രച്ഛന്നവേഷത്തിലോ അല്ലെങ്കിൽ കലാപരിപാടികളുടെ ആമുഖത്തിൽ അവതാരകന്റെ വാചക കസർത്തിലെ വിഷയങ്ങളോ മാത്രം. ഓണം എന്ന സങ്കല്പം അതിനപ്പുറം മറ്റെന്തോക്കയോ ആണ്. "പണ്ടൊക്കെ എന്ത് രസായിരുന്നു. ഞങ്ങൾ പത്തു പന്ത്രണ്ട് പേരുണ്ടേ മക്കളായിട്ടു അമ്മക്ക്. കൊടിയ ദാരിദ്ര്യായിരുന്നു. എന്നാലും ഓണാച്ചാൽ ഒരു ഉത്സവം തന്നെയായിരുന്നു".

ഇതുപറയുമ്പോൾ മുത്തശ്ശിയുടെ നരച്ച കൺപീലികൾക്കിടയിലൂടെ ആ വെളുത്ത കൃഷ്ണമണികൾ, നട്ടുച്ച നേരത്ത് കായൽ വെള്ളത്തിലെ വെള്ളാരം കല്ലുപോലെ തിളങ്ങിയില്ലേ?



അമ്മവീട്ടിലെ പാടത്തും പറമ്പിലും കണ്ണാന്തുമ്പിയോടും പൂമ്പാറ്റയോടും കളി പറഞ്ഞു നടന്ന ഓണാവധിക്കാലം. കർക്കിടക മാസത്തിലെ കോരിചൊരിയുന്ന മഴയിൽ നനഞ്ഞു കുളിച്ച ചിങ്ങമാസത്തിലെ ചാറ്റൽ മഴയിലും വെയിലിലും ഉത്സാഹവതികളായി പൂത്തുലഞ്ഞു സുന്ദരികളായി നിൽക്കുന്ന ചെമ്പകവും ചെത്തിയും നന്ത്യാർവട്ടവും നൽകുന്ന നയന മനോഹരമായ കാഴ്ചയും സുഗന്ധവും ഇന്നും ഓണത്തെ അനിർവചനീയമായ വികാരമാക്കുന്നു. തുമ്പയും മുക്കുറ്റിയും കാശിതുമ്പയും മറ്റനേകം കാട്ടുപൂക്കളും കൊണ്ട് പ്രകൃതി തന്നെ ഒരുക്കുന്ന അത്തപൂക്കളം. പ്രകൃതിയും മനുഷ്യനും ഒരുമിച്ച് കൈകോർത്ത് ഉത്സാഹഭരിതമാവുന്ന, ഈശ്വരന്റെ കരവിരുതിനാൽ തയ്യാറാക്കപ്പെടുന്ന ചില അവസരങ്ങൾ. വർഷങ്ങൾ കടന്നു പോയിട്ടും സ്നേഹത്തിൻറേയും സാഹോദര്യത്തിൻറേയും പരസ്പര വിശ്വാസത്തിൻറേയും കൂട്ടായ്മയുടെ മധുരമായ ആ അനുഭവങ്ങളെ മനസ്സിന്റെ ചെപ്പിൽ നിന്നെടുത്ത് പൊടി തുടക്കുമ്പോൾ നാം അനുഭവിക്കുന്ന ആനന്ദം; അതാണ് ഓണം. അതെ. അത് മാത്രമാണ് ഓണം. ഗൃഹാതുരത്വം ഉണർത്തുന്ന തണുത്ത, മൃദുവായ അനുഭവങ്ങളുടെ കരസ്പർശനം.

ആ അനുഭവങ്ങൾ എന്തുതന്നെ-യാകട്ടെ, കാലദേശങ്ങൾക്കനുസരിച്ച് മാറ്റങ്ങൾ ഉണ്ടായേക്കാം. പക്ഷെ, ആ അനുഭവങ്ങളുടെ ഓർമ്മകൾ മനസ്സിന് നൽകുന്ന കുളിർമ, അത് എല്ലാവർക്കും എപ്പോഴും ഒരുപോലെതന്നെയാണ്. അതിനെന്തു പേരിട്ടു വിളിച്ചാലും ഓണമെന്നോ വാമനജയന്തിയെന്നോ, എന്തായാലും. അടുത്ത തലമുറയ്ക്കും അത് പകർന്നു നൽകി ഈ ജന്മം സാർത്ഥകമാക്കുവാൻ നമുക്കേവർക്കും സാധിക്കട്ടെ.

# Feast O' Feast !!!

Dr. K. V. Vimalnath



Feast is a large meal, typically a celebratory one
And what better occasion than a Thiruonam one
13 to 25 dishes over fresh plantain leaf for every one
Can stretch to no less than 65 items for each one
Feast O' Feast – ONA SADYA!!!

To consume the feast is a divine gift
Whilst who completes is perfectly fit
Concept of spoon or fork do not exist
Just have the feast with a fist
For every near and dear – Feast O' Feast!!!

Every item has a definite place
On the plantain leaf that forms the base
Upperi, Sharkara Varatti, Achaaru, Chammanthi, Puliyinji, Inji Curry
Pachadi, Kichadi, Olan, Kaalan, Injithairu and Kootu Curry
Follows Aviyal, Thoran, Mezhkkupuratti, Erissery

kuthari choru with Parippu, Sambar, Rasam and Pulissery
Munch as many Pappadom with every curry
It is not over until u get prathaman and payasam before sambharam lovely
And you wind up with the little banana in the tummy
Mother of all Feasts – The ONA SADYA on Thiruonam !!!



# ഓണനിലാവ്

ആശാമോൾ എൻ. എസ്



ആകാശത്തുനിന്നു മഴമേഘങ്ങൾ വിട പറഞ്ഞുതുടങ്ങിയ ഒരു സെപ്റ്റംബർ മാസമായിരുന്നു അത്. നഗരത്തിലെ ബഹുനിലക്കെട്ടിടത്തിന്റെ ആറാം നിലയിലെ തന്റെ ഓഫീസ് ക്യാബിനിലായിരുന്നു അയാൾ. ഫ്രാൻസിൽ നിന്നും അയാളുടെ പ്രിയപ്പെട്ട സുഹൃത്ത് അയച്ച ആശംസാ സന്ദേശം ... " ഓണാശംസകൾ നേരുന്നു..." ഒപ്പം ഓണസമ്മാനമായി അയച്ചുകൊടുക്കപ്പെട്ട വില കൂടിയ പെർഫ്യൂം..ഓഫീസ് ക്യാബിനിൽ നിറയുന്ന സുഗന്ധം ...അയാളതാസ്വദിച്ചുകൊണ്ടു ഓർമ്മകളുടെ കുത്തൊഴുക്കിലേക്കു വഴുതി വീണു. ഈ ആശംസാസന്ദേശമാണൊ അതൊ ഈ സുഗന്ധമാണൊ വിസ്മരിക്കപ്പെട്ടു കിടന്നിരുന്ന ഒരായിരം ഓർമ്മകളെ ഉണർത്തിയത്... ഈ സുഗന്ധം നിർവ്വചിക്കാനാവുന്നില്ല.. ആറ്റിറമ്പിലെ കൈതപ്പൂക്കളുടെ.. ചാഞ്ഞുനില്ക്കുന്ന കുവളമരത്തിൽ പടർന്ന പാഷൻ ഫ്രൂട്ടിന്റെ ...വേലിയിറമ്പിലെ കൈതച്ചക്കയുടെ .... അതോ ക്ഷേത്രക്കുളത്തിൽ വിരിഞ്ഞു നില്ക്കാറുള്ള താമരപ്പൂക്കളുടെയോ... അറിയില്ല.. ഓർമ്മകൾ സുഗന്ധങ്ങളാണ് ..... അല്ലെങ്കിൽ സുഗന്ധങ്ങൾ ഒരായിരം ഓർമ്മകളെ ഉണർത്തുന്നു. കണ്ണിമാങ്ങയുടെ സുഗന്ധം... ഒരായിരം കുസൃതികൾ ഒരുമിച്ചുകാട്ടി പാടവരമ്പിലൂടെ സ്കൂളിലേ-ക്കുള്ള യാത്രകളെ ഓർമ്മിപ്പിക്കുന്നു.

സ്വന്തമെന്നു പറയാൻ ഈ ലോകത്തു അയാൾക്കധികമാരുമുണ്ടായിരുന്നില്ല. ഫ്രാൻസിൽ താമസമാക്കിയ ഈ പ്രിയസുഹൃത്തും ..നാട്ടിലെ വലിയ തറവാട്ടിൽ അയാളെ കാത്തിരിക്കുന്ന അമ്മയുമല്ലാതെ... അമ്മ അയാളെ കാത്തിരിക്കുന്നു... ഇന്നും ഇന്നലെയുമല്ല... കോളേജ് വിദ്യാഭ്യാസം കഴിഞ്ഞു ജോലി തേടി അയാൾ നഗരത്തിലേക്കു യാത്രയായതു മുതൽ... ആദ്യം വർഷത്തിലൊരിക്കൽ പതിവാക്കിയിരുന്ന സന്ദർശനത്തിന്റെ ഇടവേളകൾ കൂടാൻ തുടങ്ങി. മുടങ്ങാതെ കത്തെഴുതിയിരുന്നു... പിന്നീട് ജീവിതസൌകര്യങ്ങളും ഉയരത്തിലെത്താനുള്ള നെട്ടോട്ടവും ആയപ്പോൾ അതു നിലച്ചു. അമ്മ ഒരിക്കലും പരാതി പറഞ്ഞില്ല. ഓട്ടത്തിനിടെ അയാൾ നാടും വീടും വിവാഹവും വരെ മറന്നപ്പോഴും.. വല്ലപ്പോഴുമൊരിക്കൽ മാത്രം ഫോൺ വിളിയിലൊതുക്കി അമ്മയുമായുള്ള ബന്ധങ്ങൾ....കൊച്ചിയിലേക്കുള്ള ഔദ്യോഗിക സന്തർശന വേളയിൽ അയാൾ അമ്മയെ കാണാൻ ശ്രമിച്ചു. ഒന്നൊ രണ്ടോ മണിക്കൂർ...അല്ലെങ്കിൽ വാച്ചിൽ നോക്കി ഫ്ലൈറ്റിനു സമയമായി എന്നു വേവലാതിപ്പെട്ടു പത്തൊ പതിനഞ്ചോ മിനിറ്റ് മാത്രം ...ഗ്രാമത്തിൽ നിന്നും എയർപോർട്ടിലേക്കുള്ള ദൂരം എന്നും അയാളെ അലോസരപ്പെടുത്തി.

അവസാനമയിപ്പോയത് എന്നാണെന്നു അയാൾക്കോർക്കാൻ കഴിഞ്ഞില്ല. പക്ഷെ അതൊരോണക്കാലമായിരുന്നു. കുട്ടികൾ തൊടിയിൽ പൂവുകൾ തേടി ചിരിച്ചാർത്തു നടന്നിരുന്നു. നാട്ടും നഗരവും പുരോഗമിച്ചപ്പൊഴും അയാളുടെ ഗ്രാമം മാറ്റമില്ലാതെ തുടർന്നു. മഴവെള്ളം കുത്തിയൊലിച്ചു കല്ലുകൾ തെളിഞ്ഞു നില്ക്കുന്ന ഇടവഴികൾ. ..കയ്യാലകളിൽ പറ്റിപ്പിടിച്ചു വളരുന്ന നനുത്ത പായൽ. ..ക്ഷേത്രക്കുളത്തിലെ ഇരുണ്ട പച്ച നിറമാർന്ന വെള്ളം വീടിനുചുറ്റും നിറഞ്ഞ ഇരുളിമയാർന്ന പച്ചപ്പ്...അണ്ണാറക്കാണ്ണനും കുളക്കോഴിയും കിളികളും ശബ്ദമുണ്ടക്കുന്നു.മുറ്റത്തെ മാവിൽ പണ്ടെങ്ങൊ കെട്ടിയ ഊഞ്ഞാൽ ....കയർ ദ്രവിച്ചു തുടങ്ങിയിരുന്നു...ഊഞ്ഞാല്പ്പടിയിൽ പച്ചനിറമുള്ള പായൽ വളർന്നിരുന്നു... വീട് അനക്കമറ്റ് കിടന്നു. നീലച്ചായമടിച്ച തൂണുകൾ ...ഭിത്തിയിൽ കുമ്മായം അടർന്നു തുടങ്ങിയിരുന്നു...അമ്മയോട് അയാൾ പറയാറുണ്ടായിരുന്നു.....ഇനി അവധിയിൽ വരുമ്പോൾ എല്ലാമൊന്നു ശരിയാക്കണം.പൊട്ടിയ ഓടുകൾ മാറ്റിയിടാൻ ആളേർപ്പാടാക്കാൻ മാത്രമാണു കഴിഞ്ഞത്....അതെ ..അമ്മ ഒന്നിനും പരാതി പറഞ്ഞില്ല.പതിവുകൾ മുടക്കിയില്ല. വയ്യായ്കകൾ വകവെയ്ക്കാതെ ക്ഷേത്ര ദർശനം. ..വയല്ക്കര വരെയുള്ള നടത്തം. കൃഷികൾ നോക്കിനടത്തണം... എങ്കിലും ആ തവണ അമ്മ പ്രതീക്ഷിച്ചിരുന്നു....ഈ ഓണത്തിനെങ്കിലും മകൻ കൂടെയുണ്ടാവുമെന്ന്....ഓണത്തിനു രണ്ടീസം മുൻപെത്തിയതു ഭാഗ്യായീ ഉണ്ണീന്നു പറയുകയും ചെയ്തു. ആരവങ്ങളുമായി ഒരുപാട് ഓണക്കാലങ്ങൾ അവരുടെ മനസ്സിലൂടെ കടന്നു പോയിരിക്കാം.. അമ്മ ഇലയിൽ ഊണു വിളമ്പി...അടുത്തിരുന്നു...ഊണു കഴിഞ്ഞു മടങ്ങണമെന്നും കൊച്ചിയിലെ മീറ്റിങ് കഴിഞ്ഞു ഒരു സിംഗപ്പൂർ യാത്ര ഉണ്ടെന്നും പറയുമ്പോൾ ആ കണ്ണുകൾ നിറഞ്ഞിരുന്നുവോ... നെറ്റിയിലെ ഭസ്മക്കുറി മായ്ച്ചുകൊണ്ട് ചുളിവുകൾ വീണുവൊ... മുറ്റത്തെ ചാണകം മെഴുകിയ ചതുരത്തിൽ പൂക്കളം വാടിത്തുടങ്ങിയിരുന്നു. പടിയിറങ്ങുമ്പോൾ പതിവില്ലാതെ അമ്മ പരാതി പറഞ്ഞു. "ഓണമല്ലേ ... ഉണ്ണി പോവുംന്നു വിചാരിച്ചില്ല. കാർ നിരത്തിലേക്കു കയറും മുൻപ് തിരിഞ്ഞു നോക്കി. നേര്യതിന്റെ തുമ്പുകൊണ്ട് അമ്മ കണ്ണ് തുടക്കുന്നു. ഔദ്യോഗിക ജീവിതത്തിന്റെ എല്ലാ കുരുക്കുകളും അറുത്തുമാറ്റി ഇനി എന്നാണൊരു മടക്കയാത്ര...

നേരം വളരെ വൈകിയിരുന്നു. കണ്ണാടിവാതിലിനപ്പുറം പ്യൂൺ അസ്വസ്ഥതയോടെ കാത്തു നില്ക്കുന്നു. നഗരത്തിൽ അധികം ദൂരമല്ലത്ത താമസസ്ഥലത്തേക്ക് അയാൾ ഒറ്റക്ക് കാറോടിച്ചു. വാഹനക്കുരുക്കിൽ പെട്ട് കിടക്കുമ്പോൾ അയാളൊരു തീരുമാനമെടുത്തു. ഈ ഓണം അമ്മയോടൊപ്പമാകണം. ഇതെന്നല്ല എല്ലാ ഓണങ്ങളും...നഗരജീവിതത്തിന്റെ മടുപ്പിൽ നിന്നും നാട്ടിൻപുറത്തെ പച്ചപ്പിലേക്കു പറിച്ചു നടണം ഇനിയുള്ള കാലം....കണ്ണാന്തളികൾ പടർന്നു കിടക്കുന്ന മുറ്റത്തിനിറമ്പിലേക്കു ഇനിയുമെത്തണം... ഓണത്തിനു ഇനിയും മൂന്നു ദിവസങ്ങളുണ്ട്....വളരെക്കാലങ്ങൾക്ക് മുൻപ് വിസ്മരിക്കപ്പെട്ടുപോയ അയാളെ ഏറെ സന്തോഷിപ്പിച്ചിരുന്ന തീവണ്ടിയാത്രയാണയാൾ തെരഞ്ഞെടുത്തത്. നഗരം വേറൊരോർമ്മയായ് പിന്നിലേക്കു ഓടി മറയുന്നു..തീവണ്ടിയിൽ തിരക്കുണ്ടായിരുന്നില്ല. ഓർമ്മകൾ ഒരുപാടു കാതം മുൻപോട്ടോടുന്നു. പണ്ടൊക്കെ ഓണത്തിനു തറവാട്ടിൽ ഒരു

ഉൽസവമായിരുന്നു.കോണിപ്പടികളിലും മുറ്റത്തും മച്ചിൻ മുകളിലും കുട്ടികൾ കലപില കൂട്ടിയിരുന്നു.പൂക്കൾ ശേഖരിക്കുന്നതുള്ള മൽസരം ... തെച്ചിയും ചെമ്പരത്തിയും മന്ദാരവും മുറ്റത്തു തന്നെയുണ്ടാവും... മുക്കുറ്റിയും തുമ്പയും കാക്കപ്പൂവും തേടി പറമ്പിലും പാടത്തും അലഞ്ഞു. മഞ്ഞ നിറമാർന്ന അരളിപ്പൂക്കളും ഇളം റോസ് നിറത്തിൽ വേലിയിൽ പടർന്നു കിടക്കുന്ന വീണ്ടപ്പൂക്കളും... മുറ്റത്ത് ചാണകം മെഴുകിയ കളമൊരുക്കി അതിലാവും പൂക്കളം....

വിരുന്നിനെത്തിയ ബന്ധുക്കളായ സ്ത്രീകൾ ഒത്തുകൂടി അമ്മയെ സഹായിക്കുന്നു.അടുക്കളയിൽ നിന്നും കായുപ്പെരിയുടെയും ഉരുകുന്ന ശർക്കരയുടെയും സുഗന്ധം കാറ്റിൽ അലിയുന്നു. മുത്തച്ഛൻ തോട്ടത്തിലും പാടത്തും പണിയുന്ന പണിക്കാർക്ക് ഓണക്കോടി കൊടുക്കുന്നു. മുറ്റത്തു മാത്രമല്ല പണിക്കാരുടെ മുഖത്തും ഓണവെയിൽ തെളിയുന്നു.മുറ്റത്തെ മാവിൽ ഓലമടലുകൊണ്ട് കെട്ടിയുണ്ടാക്കിയ ഊഞ്ഞാലിന്റെ ബലം പരിശോധിച്ചുകൊണ്ട് അപ്പേപ്പൻ മൂപ്പൻ...ബാക്കി വന്ന മടലിൽ രണ്ട് കമ്പുകൾ തറച്ചു കൊമ്പാക്കി , കയറുകെട്ടി മൂപ്പൻ കുട്ടികൾക്ക് കളിക്കാൻ കാളയുണ്ടാക്കി കൊടുത്തു. മുറ്റത്തിന്റെ ഓരത്തു നാളികേരവും കാഴ്ക്കുലകളും ചേനയും മത്തങ്ങയും കൂട്ടിയിട്ടിരിക്കുന്നു.കുട്ടികൾ കുളി കഴിഞ്ഞെത്തി ഓണക്കൊടിയുടുത്ത് വരാന്തയിൽ നിരത്തിയ തൂശനിലക്കു മുന്നിലിരുന്നു. അമ്മമാർ കുട്ടികൾക്ക് സദ്യ വിളമ്പുകയും ശാസിക്കുകയും തമാശകൾ പറഞ്ഞു ചിരിക്കുകയും ചെയ്തു. ഉച്ച കഴിഞ്ഞ് സ്ത്രീകൾ കൈകൊട്ടിക്കളി നടത്തി. പുരുഷന്മാർ സംഘം ചേർന്ന് തമാശകൾ പറയുകയും ടൌണിലെ കൊട്ടകകളിൽ സിനിമക്കു പോകാൻ തയ്യാറെടുക്കുകയും ചെയ്തു.

ഓണസദ്യ പശുക്കൾക്കും കൊടുത്തു. ഓണം അകത്തുള്ളവർക്ക് മാത്രമായിരുന്നില്ല പുറത്തുള്ളവർക്ക് കൂടി ആയിരുന്നു. ഉള്ളവരില്ലാത്തവർക്ക് കൊടുത്തു. ചെറിയ ജീവികളായ ഉറുമ്പുകൾക്ക് വരെ ഓണം ഉണ്ടായിരുന്നു. സന്ധ്യക്കു കുട്ടികൾ വരാന്തയിൽ നാമം ചൊല്ലാനിരിക്കുന്ന സമയമാണു " ഉറുമ്പൂട്ട്" എന്നു പറയുന്ന ചടങ്ങ്.വറുത്ത അരിയും ശർക്കരയും തേങ്ങയും കുഴച്ചുണ്ടാക്കുന്ന പലഹാരം കൊടിയിലകളിൽ വീടിന്റെ നാലുകോണുകളിലും മുറ്റത്തിന്റെ അതിരുകളിലും വയ്ക്കും. ഉറുമ്പുകൾക്കും ഓണസദ്യ..... കുട്ടികൾ ധൃതിയിൽ നാമം ചൊല്ലിത്തീർത്ത് അടുക്കളത്തളത്തിലേക്കു ഓടിയെത്തി. മുത്തശ്ശി എല്ലാവർക്കും വറുത്ത അരിപ്പലഹാരം കൊടുത്തു. രാത്രിയിലെ സദ്യകൂടി കഴിയുമ്പൊഴെക്കു കണ്ണുകളിൽ ഉറക്കം വിരുന്നിനെത്തിയിരിക്കും........

രണ്ടുദിവസത്തെ പ്രയാണത്തിനൊടുവിൽ അയാൾക്കിറങ്ങേണ്ട സ്റ്റേഷനിൽ തീവണ്ടി കിതപ്പൊടെ നിന്നു.വളരെ ചെറിയ തിരക്കൊട്ടുമില്ലാത്ത സ്റ്റേഷൻ. വിളക്കുകൾ തെളിഞ്ഞു തുടങ്ങിയിരുന്നു.ഗ്രാമത്തിലെ വിളക്കുകൾ പോലും പുഞ്ചിരിപൊഴിക്കുന്നു. സ്റ്റേഷനിൽ കാത്തുനില്ക്കാൻ ആരുമില്ലായിരുന്നു.ചെറിയ പെട്ടിയും ബാഗുമായി അയാൾ നടന്നു തുടങ്ങി.

വീട്ടിലേക്ക അധികം ദൂരമില്ലായിരുന്നു . ചിങ്ങമാസത്തിലെ തെളിഞ്ഞ നിലാവ്...നക്ഷത്രങ്ങൾ ...അല്പമകലെ പുഴയുടെ സംഗീതം...എവിടെനിന്നൊ ഓണപ്പാട്ട് ഉയരുന്നുവൊ,,, മുറ്റത്തു എത്തിയപ്പോൾ കണ്ടു.. ചാണകം മെഴുകിയ കളത്തിൽ വാടിയ പൂക്കളം,വരാന്തയിൽ നിലവിളക്ക് കണ്ണുചിമ്മുന്നു.പൂമുഖവാതിൽ തുറന്ന് അമ്മ ഇറങ്ങി വരുന്നു. "ഉച്ചതിരിഞ്ഞപ്പോൾ തൊട്ട് ഞാൻ കാത്തിരിക്കുവാരുന്നു ഉണ്ണ്യേ ...എന്തെ വൈകീത് ? " വരുന്ന കാര്യം അമ്മയെ മുൻകൂട്ടി അറിയിച്ചിരുന്നില്ല. പറയാൻ ഒരു മറുപടിക്കായി പരതുമ്പോൾ അയാൾ കണ്ടു. അമ്മയുടെ മുഖത്ത് ഓണനിലാവ് തെളിയുകയായിരുന്നു. പാടത്തിനക്കരെ കുന്നിമുകളിലെ ആകാശച്ചെരുവിലും ഓണനിലവു തെളിഞ്ഞു നിന്നു...



# അമീബ

## കണക്കൂർ സുരേഷ്കുമാർ



“കഴിഞ്ഞ ജന്മത്തെക്കുറിച്ചൊക്കെ കൃത്യായി പറേന്ന ഒരു സിദ്ധനുണ്ട് ഉടുപ്പീല്. നമുക്കൊന്നു പോയാലോ? ചുമ്മാ രസത്തിന് മതി.” രവി വാട്സ് ആപ്പിൽ നിന്നും തലയുയർത്തി അവളോടു പറഞ്ഞു.

“എന്തിനാ കഴിഞ്ഞ ജന്മത്തെ കുറിച്ചറിഞ്ഞിട്ട്.. അടുത്ത ജന്മത്തെ കുറിച്ചാണെങ്കില് കൊള്ളാരുന്നു. ഇപ്പോഴേ തയ്യാർ എടുക്കാരുന്നു.” അടുക്കളയില് കറിവച്ചുകൊണ്ടിരുന്ന ജയ ഉറക്കെച്ചിരിച്ചു.

“അടുത്ത ജന്മത്തില് ആരാകണം എന്നാണ് നിന്റെ ആഗ്രഹം?”

ചോദ്യം കേട്ടു കൌതുകത്തോടെ അവള് രവിയെ നോക്കി. എന്നിട്ടു പറഞ്ഞു-

“ഒരു അമീബ.”

അമീബ! അവന് കണ്ണു മിഴിച്ചു.

“അതെ, എനിക്ക് അമീബയായാല് മതി. രവിയേട്ടൻ പഠിച്ചിട്ടില്ലേ അമീബയെ കുറിച്ച്? ഓ.. നിങ്ങള് കമ്പ്യൂട്ടർ അല്ലെ.. ബയോളജി ആരുന്നില്ലല്ലോ… ദി ഗ്രേറ്റ് അമീബ.. പ്രോട്ടോസോവ ഫൈലത്തിലെ ഏകകോശ ജീവി. അതാവുമ്പോ തലച്ചോറുണ്ടാവില്ല. ചിന്തകള് ഉണ്ടാവില്ല.”

“നിനക്കു വട്ടാ.. ആരെങ്കിലും ഇങ്ങനെ ചിന്തിക്കുമോ?”

ജയയ്ക്ക് ഇനിയും കൂടുതൽ ചിരിക്കണം എന്നുണ്ടായിരുന്നു. എന്നിട്ടും അവൾ നിയന്ത്രിച്ചു. സത്യത്തിൽ ഈ ജന്മത്തിൽ തന്നെ അവൾക്കൊരു ഏകകോശജീവി ആയാൽ കൊള്ളാം എന്നുണ്ടായിരുന്നു.

“മൈക്രോസ്കോപ്പിലൂടെ കാണുമ്പൊള് എന്ത് ഭംഗിയെന്നോ അവയ്ക്ക്. ചെരുപ്പിന്റെ ഷേപ്പുള്ള കുഞ്ഞു പരമീസിയത്തെ അമീബകള് വളഞ്ഞു പിടിച്ചു തിന്നുന്നത് ലെൻസിലൂടെ കാണാൻ രസാ… പിന്നെ, രവിയേട്ടാ, മറ്റൊരു പ്രധാന കാര്യം, ഈ അമീബയ്ക്ക് വെറുതെ രണ്ടായി പിളർന്നാല് മതി, പെരുകാൻ.. അതായത് സംഗതി അലൈംഗികമാണ്…

ഇതൊക്കെ ശരിക്കുമുള്ള ശാസ്ത്രമാ രവിയേട്ടാ." അവൾ അമീബയായ ആവേശത്തിൽ പറഞ്ഞുകൊണ്ടിരുന്നു.

"എങ്കിലും വേറെ എന്തൊക്കെ മോഹിക്കാം മനുഷ്യന്മാർക്ക്..." രവി സെൽഫോണിന്റെ സ്ക്രീനിൽ തോണ്ടിക്കൊണ്ട് ഓർക്കുകയായിരുന്നു.

ഉടുപ്പിലെ ആ സിദ്ധനെ തനിയെ പോയി കണ്ടാൽ മതി എന്നയാൾ അതിനിടെ ഉള്ളുകൊണ്ടുറപ്പിച്ചു. അതിനകം പുതിയ ജന്മത്തിലെ രൂപം വെടിഞ്ഞ ജയ, മെല്ലെ പൂർവ്വരൂപം പൂകുകയും അടുക്കളയിൽ ചെന്നു കറിക്ക് കടുക് വറക്കുവാൻ തുടങ്ങുകയും ചെയ്തു.



## ഇതര സംസ്ഥാന മലയാളികൾ-
## കേരളമെന്ന 'ആശയം ' പ്രചരിപ്പിക്കേണ്ടവർ

കെ.കെ പ്രകാശൻ, ദീപക് പച്ച

ഇതര സംസ്ഥാനങ്ങളിൽ ജീവിക്കുന്ന മലയാളികളും കേരളവും തമ്മിലുള്ള ബന്ധം ഗൾഫ് മലയാളികളും കേരളവും തമ്മിലുള്ള ബന്ധം പോലെയല്ല. മറ്റൊരു രാജ്യത്ത് പൗരാവകാശങ്ങളില്ലാതെ ജീവിക്കുമ്പോഴുണ്ടാകുന്ന അസുരക്ഷിതത്വം, ഒരുനാൾ നാട്ടിലേക്ക് മടങ്ങിപ്പോകേണ്ടവരാണെന്ന യാഥാർത്ഥ്യം, അതുയർത്തുന്ന സാമ്പത്തിക സുരക്ഷയുടെ വിഷയങ്ങളും എല്ലാം ഗൾഫ് മലയാളികളെ അസ്വസ്ഥരാക്കുന്നുവെങ്കിലും കേരളീയർ എന്ന അവരുടെ അസ്തിത്വത്തെക്കുറിച്ച് എന്തെങ്കിലും സംശയമോ നിർവചനങ്ങളിൽ അവ്യക്തതയോ ഇല്ല. അതുപോലെ ലളിതമല്ല ഇതരസംസ്ഥാന മലയാളികളുടെ സാമൂഹ്യാസ്തിത്വം. ബോധപൂർവമായ ഇടപെടലുകളിലൂടെ ഇതര സംസ്ഥാന മലയാളികളും കേരള സമൂഹവും തമ്മിലുള്ള സാമൂഹ്യവും സാംസ്കാരികവുമായ ബന്ധം ദൃഢപ്പെടുത്താത്ത പക്ഷം വലിയൊരു കൂട്ടം മലയാളി സമൂഹത്തെ നമുക്ക് തലമുറകളിലൂടെ നഷ്ടപ്പെട്ടു പോയേക്കാം.

ഉയർന്ന കൂലിനിലവാരം, തുല്യതയുടെ ആശയാടിത്തറയിൽ സംഘടിപ്പിക്കപ്പെട്ട സാമൂഹിക ജീവിതം, ഭൗതിക സാഹചര്യങ്ങളുടെ നിലവാരത്തിൽ ഏറ്റവും അസമത്വം കുറഞ്ഞ സമൂഹ ഘടന, തൊഴിലാളി കർഷക സംഘടനകളുടെയും ചെറുകിട വ്യാപാരിവ്യവസായി സംഘടനകളുടെയും സ്വാധീനം , സാമൂഹിക സുരക്ഷാ പദ്ധതികളുടെ വ്യാപ്തി, ജനങ്ങളിൽ ബഹുഭൂരിപക്ഷവും രാഷ്ട്രീയ സംവാദത്തിൽ അഭിപ്രായം പറയുന്ന സംസ്കാരം, എതിരഭിപ്രായങ്ങൾ പ്രകടിപ്പിക്കാനും പ്രചരിപ്പിക്കാനുമുള്ള സ്വാതന്ത്ര്യം, മത നിരപേക്ഷത,... എല്ലാ അർത്ഥത്തിലും ഇന്ത്യയിലെ ഏറ്റവും ആധുനികവും ജനാധിപത്യവൽകൃതവും സർഗാത്മകവുമായ ജീവിതമാണ് കേരളീയർ എന്ന നിലയിൽ നാം ജീവിക്കുന്നത്.

പക്ഷെ ഈ കേരളമല്ല ഇന്ത്യയിലെ മാധ്യമവൃത്തങ്ങളിലൂടെയും അക്കാദമിക് തലത്തിലും അറിയപ്പെടുന്നത്. ബൗദ്ധിക വ്യാപാരങ്ങളുടെ മുഖ്യധാരയിൽ രണ്ട് തരം വികലീകരണങ്ങൾക്കു നമ്മുടെ നാട് വിധേയമാക്കുന്നുണ്ട്. ഒന്നാമത്തേത് കേരളീയ ജീവിതത്തിന്റെ രാഷ്ട്രീയ ഉള്ളടക്കം തമസ്കരിക്കുകയും വൻകിട മൂലധനത്തിന്റെ കേരളവിരോധത്തെ അവഗണിക്കുകയും 'സാമൂഹ്യ മൂലധനത്തിന്റെ' വിജയമാതൃകയായി കേരളത്തെ അവതരിപ്പിക്കുകയും ചെയ്യുന്ന ഏർപ്പാടാണ്. രണ്ടാമത്തേത് കേരളത്തിന്റെ

കുറവുകൾ പെരുപ്പിച്ചുകാട്ടിയും കുറെ നുണകൾ ചേർത്തും കേരളത്തിന്റെ മുന്നേറ്റത്തെ നിരാകരിക്കുന്ന ചെയ്യുന്ന പോസ്റ്റ് മോഡേൺ ഇകഴ്ത്തൽ പ്രസ്ഥാനമാണ്.

മേല്പറഞ്ഞ വികലീകരണങ്ങൾക്കു തന്നെയാണ് അക്കാദമിക മേഖലയിലും മാധ്യമ സർക്യൂട്ടുകളിലും സ്വീകാര്യത എന്ന് നാം തിരിച്ചറിയണം. അതിനു പിന്നിൽ വർഗ താല്പര്യങ്ങളുണ്ട്. എന്നാൽ ഇവ രണ്ടിനും ബദലായി ജനകീയ നിലവാരത്തിൽ യഥാർത്ഥ കേരളത്തെ ഇന്ത്യയുടെ ഇതരഭാഷാ സമൂഹത്തിലേക്ക് പ്രസരിപ്പിക്കേണ്ടതുണ്ട്. അത് സാധിക്കുക അന്യസംസ്ഥാന മലയാളി സമൂഹത്തിലൂടെയാണ്.

കേരളത്തിന്റെ സാമൂഹികവും വിദ്യാഭ്യാസപരവുമായ ഉയർച്ചകളുടെ ഭാഗമായി പ്രാപ്തിയും ആത്മവിശ്വാസവും ആർജ്ജിച്ച് തൊഴിലന്വേഷകരായി ഇതര സംസ്ഥാനങ്ങളിലേക്ക് പോകുന്നവരെയും അവരുടെ അനന്തര തലമുറകളെയും തുടർന്നും കേരളം എന്ന ആശയ സമുച്ചയത്തിന്റെ ഭാഗമായി ചേർത്ത് നിർത്താൻ നമുക്ക് കഴിയുന്നില്ല എന്നതാണ് ഇന്നത്തെ യാഥാർഥ്യം. അതുകൊണ്ട് തന്നെ ഭക്ഷണ സമ്പ്രദായങ്ങളിലും വേഷഭൂഷകളിലും മാത്രമൊതുങ്ങുന്ന കേരളീയത മറുനാടൻ മലയാളികളിൽ നിലനിൽക്കുന്നതായി കാണാം. ഇതര സംസ്ഥാനങ്ങളിൽ നിലനിൽക്കുന്ന കടുത്തജാതിബോധം മറുനാടൻ മലയാളികളും അംഗീകരിക്കുന്നതായും കാണാം. ഇതിനു മാറ്റം വരുത്തി ബൃഹദ്കേരളീയ സമൂഹത്തിന്റെ ഭാഗമായി ഇതരസംസ്ഥാന മലയാളികളെ ചേർത്തുനിർത്താൻ നിരന്തരമായ ജാഗ്രത കാണിക്കണം.

പുറം കേരളത്തിലെ അദൃശ്യരും അവരുടെ സംഭാവ നകളും

ഗൾഫ്മേഖലയിലെ കുടിയേറ്റം സംബന്ധിച്ച് വളരെയധികം സ്ഥിതിവിവരശേഖരണവും പഠനങ്ങളും നടന്നിട്ടുണ്ടെങ്കിലും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലെ മലയാളികളെ സംബന്ധിച്ച് കാര്യമായ പഠനങ്ങൾ നടന്നിട്ടില്ല. എന്നിരുന്നാലും അന്യസംസ്ഥാനങ്ങളിൽ ജോലിചെയ്യുന്നവരുടെ എണ്ണം, അവർ കേരളത്തിലേക്ക് അയക്കുന്ന പണം എന്നിവയെക്കുറിച്ചുള്ള ഏകദേശ കണക്കുകൾ സെൻസസ് വിവരങ്ങൾ, നാഷണൽ സാമ്പിൾ സർവ്വേ, കേരളാ മൈഗ്രേഷൻ സർവ്വേ എന്നിവയുടെ സൂക്ഷ്മമായ പരിശോധനയിൽ ലഭ്യമാണ്. സെൻസസിനോടൊപ്പം എടുക്കുന്ന മാതൃഭാഷാ സംബന്ധിയായ വിവരങ്ങളിൽ നിന്നും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ജീവിക്കുന്ന മലയാളികളെ സംബന്ധിച്ച് ഏകദേശ ചിത്രം ലഭിക്കും.

2001 ലെ സെൻസസ് വിവരങ്ങൾ പരിഗണിച്ചാൽ തന്നെ ഇന്ത്യയിലാകെ ഇതര സംസ്ഥാനങ്ങളിലായി 2262645 പേർ മലയാളം മാതൃ ഭാഷയായി സ്വീകരിച്ചവരുണ്ട്. അതിനാൽ ഇന്ത്യയിലെ ഇതര സംസ്ഥാന മലയാളികളുടെ എണ്ണം ഇരുപത്തി രണ്ടു

ലക്ഷത്തിൽ കുറയാത്തതാണെന്ന് നമുക്ക് ഉറപ്പിച്ചു പറയാം. പക്ഷേ 2014 ലെ കേരള മൈഗ്രന്റ് സർവേ പ്രകാരം 700342 ആണ് ആഭ്യന്തര പ്രവാസി മലയാളികൾ. 930724 (2011), 914387 (2008), 1115601 (2003). 691695(1998) എന്നിങ്ങനെയായിരുന്നു ഓരോ വർഷത്തെയും കണക്കുകൾ.

Table 1. Persons with Malayalam as their Mother Tongue in 2001

| Region | Persons | Male | Female | % Share |
|---|---|---|---|---|
| Malayalis Living in Kerala | 3,08,03,747 | 1,49,26,959 | 1,58,76,788 | 93% |
| 1. Karnataka | 7,01,673 | 3,62,857 | 3,38,816 | 2% |
| 2. Tamil Nadu | 5,57,705 | 2,82,518 | 2,75,187 | 2% |
| **3. Maharashtra** | **4,06,358** | **2,25,469** | **1,80,889** | 1% |
| 4. Delhi | 92,009 | 45,954 | 46,055 | 0% |
| 5. Gujarat | 67,838 | 37,063 | 30,775 | 0% |
| 6. Andhra Pradesh | 62,214 | 30,553 | 31,661 | 0% |
| 7. Lakshadweep | 51,555 | 26,638 | 24,917 | 0% |
| **In the above 7 Regions** | 19,39,352 | 10,11,052 | 9,28,300 | 6% |
| **In Other States** | 3,23,293 | 1,79,168 | 1,44,125 | 1% |
| Malayalis Living Outside Kerala | **22,62,645** | **11,90,220** | **10,72,425** | 7% |
| **India** | 3,30,66,392 | 1,61,17,179 | 1,69,49,213 | 100% |

*Source: Census 2001 tables (http://www.censusindia.gov.in/Census_Data_2001/Census_Data_Online/Language/parta.htm)*

കേരള സർക്കാർ ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് സി.ഡി.എസ് നടത്തിയ മൈഗ്രന്റ് സർവേയുടെ കണക്കുകളാണ്. അങ്ങനെ നോക്കുമ്പോൾ ആഭ്യന്തര പ്രവാസികളുടെ പകുതിയിലധികം കേരളീയരുടെ കണക്കിൽ പോലുമില്ല.

അതുകൊണ്ട് തന്നെ ഇതര സംസ്ഥാന മലയാളികളുടെ കൃത്യമായ സ്ഥിതിവിവര കണക്കുകൾ തയ്യാറാക്കുക എന്നത് അവരുടെ ക്ഷേമ പ്രവർത്തനങ്ങളുടെ ആസൂത്രണത്തിന് അനിവാര്യമായഒന്നുതന്നെയാണ്. മറുനാടൻ മലയാളികൾക്ക് ആകർഷകമായ ഇൻഷുറൻസ് പദ്ധതിഏർപ്പെടുത്തി വിപുലമായ സർവ്വേ നടത്തും വിധം ഒരു വലിയ ജനകീയ പ്രസ്ഥാന ത്തെ വളർത്തിയെടുക്കുക എന്ന 2017-18 ബഡ്ജറ്റിലെ നിർദ്ദേശം സ്വാഗതാർഹമാണ്.

മുംബൈയിലെ പോസ്റ്റൽ കോഡ് 400072 ന കീഴിൽ വരുന്ന ഭാഗത്തെ മലയാളി കുടുംബങ്ങൾക്കിടയിൽ സാക്കിനാക്ക പ്രോഗ്രസ്സീവ് ആർട്സ് ക്ലബ്ബും മറ്റു ചില മലയാളി

സമാജങ്ങളും ചേർന്ന് ഒരു ജനകീയ പ്രവർത്തനം എന്ന നിലയിൽ സാമൂഹികസാമ്പത്തിക സർവേ നടത്തി വരികയാണ്. ആ പ്രവർത്തനത്തിന്റെ അനുഭവങ്ങൾ പരിശോധിക്കാവുന്നതാണ്.

Table 2. State of Residence of Out Migrants, 1998 – 2014

| Region | 2014 | 2011 | 2008 | 2003 | 1998 | % Share (2014) |
|---|---|---|---|---|---|---|
| Karnataka | 2,31,557 | 2,68,723 | 2,48,571 | 2,19,773 | 89,229 | 33% |
| Tamil Nadu | 1,20,977 | 2,38,511 | 1,89,562 | 2,37,623 | 1,09,288 | 17% |
| **Maharashtra** | **1,01,129** | **1,78,618** | **1,68,151** | **2,63,282** | **2,22,726** | **14%** |
| New Delhi | 56,708 | 68,903 | 81,465 | 1,05,982 | 65,019 | 8% |
| Andhra Pradesh | 29,299 | 45,052 | 49,610 | 56,896 | 29,743 | 4% |
| Gujarat | 24,101 | 36,042 | 28,199 | 54,664 | 26,976 | 3% |
| Uttar Pradesh | 13,704 | 9,540 | 15,666 | 25,659 | 15,909 | 2% |
| Jammu and Kashmir | 12,759 | 6,360 | 15,666 | 2,183 | 0 | 2% |
| Madhya Pradesh | 12,759 | 10,070 | 15,666 | 18,965 | 0 | 2% |
| West Bengal | 9,451 | 7,420 | 11,489 | 13,387 | 0 | 1% |
| Bihar | 8,506 | 2,650 | 3,655 | 5,094 | 7,833 | 1% |
| Chhattisgarh | 7,561 | 3,180 | 5,744 | 5,822 | 0 | 1% |
| Punjab | 7,561 | 10,601 | 12,011 | 12,272 | 0 | 1% |
| Andaman Nicobar | 6,616 | 530 | 3,133 | 2,183 | 0 | 1% |
| Rajasthan | 6,616 | 6,360 | 16,711 | 24,543 | 20,751 | 1% |
| Others | 51,037 | 38,163 | 49,087 | 67,273 | 1,04,221 | 7% |
| Total | 7,00,342 | 9,30,724 | 9,14,387 | 11,15,601 | 6,91,695 | 100% |

*Source: Zacharia and Rajan (2015)*

ഇതരസംസ്ഥാന മലയാളികളും വിവിധ തരത്തിൽ കേരള സമ്പദ്ഘടനയ്ക്ക് കാര്യമായ സംഭാവന നല്കുന്നുണ്ട്. മുഖ്യമായും 1. നാട്ടിലെ സുഹൃത്തുക്കൾക്കും ബന്ധുക്കൾക്കും നേരിട്ട് പണമയക്കുക വഴി 2. കേരളത്തിൽ ഗൃഹനിർമ്മാണത്തിനും മറ്റു സാമ്പത്തിക ഇടപാടുകൾക്കുമായി തങ്ങളുടെ സമ്പാദ്യം ചിലവഴിക്കുക വഴി 3. കേരളത്തിൽ ഉല്പാദിപ്പിക്കുന്ന വസ്തുക്കൾക്കും സാംസ്കാരിക ഉല്പന്നങ്ങൾക്കുമായുള്ള വലിയൊരു കമ്പോളമാവുക വഴി 4. തൊഴിലന്വേഷികളായി ഇന്ത്യയിലെ വിവിധ നഗരങ്ങളിലെത്തുന്ന വലിയൊരു വിഭാഗം ചെറുപ്പക്കാർക്കും / ചെറുപ്പക്കാരികൾക്കും താമസ സൗകര്യമൊരിക്കലും തൊഴിലവസങ്ങൾക്കായുള്ള മറ്റു സഹായങ്ങളും ചെയ്യുക വഴി.

നാഷണൽ സാമ്പിൾ സർവ്വേ റിപ്പോർട്ട് പ്രകാരം വിദേശ ഇന്ത്യക്കാരനായ ഒരു പുരുഷൻ നാട്ടിലേക്ക് അയക്കുന്ന പണത്തിന്റെ നാലിലൊന്നാണ് അഭ്യന്തര പ്രവാസിയായ ഒരിന്ത്യക്കാരൻ സ്വന്തം സംസ്ഥാനത്തിലേക്കയക്കുന്നത്. കേരളത്തിന്റെ കാര്യത്തിൽ ഇത് മൂന്നിലൊന്നായി വർദ്ധിക്കുന്നുവെന്നാണ് നാഷണൽ സാമ്പിൾ സർവേയുടെ നിഗമനം. ഇതിൽ നിന്നും, ഇതര സംസ്ഥാന മലയാളികളുടെ അദ്ധ്വാനത്തിനു ലഭിക്കുന്ന പ്രതിഫലം അവർ ജീവിക്കുന്ന സംസ്ഥാനത്തിനും മാതൃസംസ്ഥാനത്തിനും ഉപകാരപ്പെടുന്നുണ്ട് എന്ന് വ്യക്തം

## ഭരണകൂടത്തിൽ നിന്നും പ്രതീക്ഷിക്കുന്നത്

പശ്ചിമേഷ്യയിലെ മലയാളി സമൂഹത്തിനോട് താരതമ്യപ്പെടുത്താൻ കഴിയില്ലെങ്കിൽ കൂടിയും ഇന്ത്യയ്ക്കകത്തെ ഇതര സംസ്ഥാനങ്ങളിൽ ജീവിക്കുന്ന മലയാളികളിൽ ചെറു മദ്ധ്യവർഗ്ഗ വിഭാഗമൊഴികെ വലിയൊരു കൂട്ടം ആതിഥേയ സമൂഹത്തിൽ നിന്നും പല തരത്തിലുള്ള വിവേചനകൾക്കും പാർശ്വവൽക്കരണത്തിനും വിധേയരാകുന്നുണ്ട്. അതിനാൽ ആഭ്യന്തര പ്രവാസി സമൂഹവും ബൃഹത്തായ കേരളീയ സമൂഹത്തിന്റെ വിലപ്പെട്ട ഭാഗമാണെന്ന് ഉറപ്പിച്ചെടുക്കേണ്ടതുണ്ട്. ഇതിനായി കേരള ഭരണകൂടത്തിന്റെ സ്ഥാപനങ്ങളുടെ ഉപകാരപ്രദമായ സാന്നിധ്യം ഒരു പരിധി വരെയെങ്കിലും ഇതരസംസ്ഥാന മലയാളി ജീവിതത്തിൽ യാഥാർത്ഥ്യമാക്കി സാംസ്കാരിക സാമൂഹിക സാമ്പത്തികബന്ധങ്ങൾ ശക്തിപ്പെടുത്താൻ ബോധപൂർവ്വമായ പരിശ്രമങ്ങൾ കൂടിയേ തീരൂ.

അല്ലാത്തപക്ഷം കാലക്രമേണ അന്യസംസ്ഥാനങ്ങളിലെ വലിയൊരു വിഭാഗം മലയാളി സമൂഹം തങ്ങളുടെ മലയാളി അസ്തിത്വത്തിൽ നിന്നും വേർപ്പെട്ട് പോകും. ഇതൊഴിവാക്കണമെങ്കിൽ മറുനാടൻ മലയാളികൾക്കിടയിലെ മലയാള ഭാഷാപ്രസാരണം ഏറെ വിപുലീകരിക്കുകയും കാര്യക്ഷമമാക്കുകയും വേണം. മലയാളം മിഷന്റെ കാര്യത്തിൽ കഴിഞ്ഞ കാലത്തുണ്ടായ ഉദാസീനത അവസാനിപ്പിച്ച് പരിശീലനപദ്ധതികൾക്കും അധ്യാപനകേന്ദ്രങ്ങൾ നടത്തുന്നതിനും അധ്യാപകർക്കു ഹോണറേറിയം നൽകുന്നതിനും മറ്റുമായി കേരളസർക്കാർ കൂടുതൽ ധനപരമായ പിന്തുണ നൽകണം..

അതുപോലെ പ്രാധാന്യമുള്ളതാണ് കേരള സർക്കാറിന്റെ ക്ഷേമ പ്രവർത്തനങ്ങൾ മറുനാടൻ മലയാളികൾക്ക് കൂടി ലഭ്യമാക്കുക എന്നത്. അത് അവരുടെ അവകാശങ്ങൾ അംഗീകരിക്കൽ മാത്രമല്ല അവരെ തലമുറകൾക്കപ്പുറവും കേരളത്തിന്റെ ഭാഗമാക്കി നിലനിർത്തുക എന്നത് കൂടിയാണ്.

കേരളത്തിൽ ക്ഷേമപദ്ധതികൾക്കു അർഹരായവരെ തെരഞ്ഞെടുക്കുന്ന മാനദണ്ഡങ്ങൾ കുടുംബപരമായി ലഭിക്കുന്ന പിന്തുണകളില്ലാതെ ഇന്ത്യയിലെ മറ്റു

സംസ്ഥാനങ്ങളിൽ  തൊഴിലെടുത്ത് ജീവിക്കുന്നവർക്ക് അതേപടി ബാധകമാക്കരുത്. ഇതര സംസ്ഥാന മലയാളികളിൽ വലിയൊരു പങ്ക് ദീർഘകാലം തൊഴിൽ ചെയ്തിട്ടും വലിയ സമ്പാദ്യമൊന്നും കയ്യിലില്ലാത്തവരാണ്. തൊഴിൽ കമ്പോളത്തിലെ അനിശ്ചിതത്വങ്ങളും രോഗങ്ങളും കുടുംബ ബന്ധങ്ങളിലെ തകർച്ചകളും കാരണം കടുത്ത ദാരിദ്ര്യത്തിലും അസുരക്ഷിതത്വത്തിലും അകപ്പെട്ടുപോകുന്നവരും ധാരാളമുണ്ട്. ഈ യാഥാർത്ഥ്യങ്ങൾ കണക്കിലെടുത്തുള്ള ക്ഷേമപരിപാടികളും മാനദണ്ഡങ്ങളും തയ്യാറാക്കണം. പ്രവാസി ക്ഷേമനിധിയില് വാഗ്ദാനം ചെയ്യുന്ന ആനുകൂല്യങ്ങള് തീരെ തുച്ഛമായത് കൊണ്ടാണ് ഈ പദ്ധതിയില് ആളുകള് ചേരാത്തത്. ക്ഷേമനിധി അടിമുടി പരിഷ്കരിക്കണം.

രോഗബാധിതർക്ക് ധനസഹായം നൽകുന്ന സാന്ത്വനം പദ്ധതിയിലൂടെ വിരലിലെണ്ണാവുന്ന ആളുകൾക്ക് മാത്രമാണ് സഹായം ലഭിക്കുന്നത്. ഈ പദ്ധതി പതിൻമടങ്ങ് ശക്തിപ്പെടുത്തുകയും ദരിദ്രരായ മറുനാടന് മലയാളികൾക്ക് ആരോഗ്യ രക്ഷയ്ക്കുള്ള സമഗ്ര പദ്ധതിയാക്കി ഇതിനെ മാറ്റുകയും വേണം. നോര്ക ഇൻഷുറൻസ് പദ്ധതിയും ഈ വിധത്തില് പരിഷ്കരിക്കണം. കുടുംബശ്രീ പദ്ധതികൾ മറുനാടൻ മലയാളികൾക്കിടയിൽ വ്യാപിപ്പിക്കാൻ സാധ്യതകൾ ആരായേണ്ടതാണ്

പുറം നാട്ടിലോ കേരളത്തിലോ വീടില്ലാത്ത  മലയാളികൾക്കിടയിലെ നിർധനർക്ക് കേരളത്തിലെ സമ്പൂർണ്ണ ഗൃഹ നിർമാണ പദ്ധതിയിൽ പെടുത്തി വീട് നൽകാൻ കഴിയുമോ എന്ന് പരിശോധിക്കണം.

പദ്ധതി രേഖകളില് ഇതര സംസ്ഥാന മലയാളികൾക്കും വിദേശ മലയാളികൾക്കുമായി നീക്കിവയ്ക്കുന്ന തുക വെവ്വേറെ രേഖപ്പെടുത്തേണ്ടതുണ്ട്. രണ്ടു വിഭാഗത്തിലുമായി മൊത്തം പദ്ധതിയുടെ ഗണ്യമായ ഒരു ഭാഗം നീക്കി വയ്ക്കുകയും വേണം.

നോര്ക ഇൻഷുറൻസ്, പ്രവാസിക്ഷേമനിധി, സാന്ത്വനം പദ്ധതി തുടങ്ങിയ ക്ഷേമ പദ്ധതികളും മലയാളം മിഷന് തുടങ്ങി മറുനാടന് മലയാളികൾക്കുള്ള മറ്റു പ്രധാനപ്പെട്ട സർക്കാർ പരിപാടികളെയും ഏകോപിപ്പിക്കാനുള്ള സംവിധാനം വികസിപ്പിക്കണം. മുംബൈ കേരളാഹൗസിൽ നടന്നു വന്നിരുന്ന മലയാളം മിഷൻ ഓഫീസിനെ ഉദ്യോഗസ്ഥമാറ്റമുണ്ടായപ്പോൾ അവിടെ നിന്ന് പുറത്താക്കിയത് പോലുള്ള ദുരനുഭവങ്ങൾ ഉണ്ടാവാൻ പാടില്ല. ആ ഓഫീസ് ഉടനെ പുനഃസ്ഥാപിക്കണം.

പ്രവാസിമലയാളികളുടെ ക്ഷേമപദ്ധതികള് ഏകീകൃതമായി നടപ്പിലാക്കാന് പറ്റുംവിധം നോര്ക കാര്യാലയം കാര്യക്ഷമമാക്കുകയും വിപുലീകരിക്കുകയും വേണം. വന് നഗരങ്ങളില് ഒരിടത്തുള്ള കാര്യാലയം മാത്രം കേന്ദ്രീകരിച്ച് പ്രവർത്തനം ചുരുക്കുന്നതിനു

പകരം പ്രാന്ത പ്രദേശങ്ങളില് മലയാളിസാന്ദ്രത കൂടിയ മേഖലകളില് നോർക്ക ജീവനക്കാര് നിശ്ചിത ദിവസങ്ങളില് സന്ദർശനം നടത്തി അപേക്ഷകളും പരാതികളും സ്വീകരിക്കുന്ന സംവിധാനം ഉണ്ടാക്കണം. അതിനുവേണ്ടി ജീവനക്കാരുടെ എണ്ണം വർധിപ്പിക്കണം. കൂടുതൽ പട്ടണങ്ങളിൽ നോർക്ക ഓഫീസ് തുറക്കുന്ന കാര്യം ആലോചിച്ചു തുടങ്ങണം മറ്റു നാടുകളിലെ മലയാളികളുടെ ജീവിതത്തിൽ നോർക്കയുടെ സേവനങ്ങൾ കൊണ്ട് നല്ലൊരു വിഭാഗം പേർക്കെങ്കിലും ഉപകാരമുണ്ടാകുന്ന സ്ഥിതി ഉണ്ടാക്കിയെടുക്കണം. അതിനുതകുന്ന ഭാവനാപൂർണ്ണവും അർത്ഥവത്തുമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കണം.

ആഭ്യന്തര പ്രവാസി മലയാളി സമൂഹത്തിൽ ഒരു ചെറു ന്യൂനപക്ഷം മാത്രമേ ഭാവിയിൽ കേരളത്തിലേക്കു തിരിച്ചു വന്നു സ്ഥിരതാമസമാക്കാൻ സാധ്യതയുള്ളൂ. അവരുടെ കേരളവുമായുള്ള ബന്ധം മുഖ്യമായും സാമൂഹ്യവും സാംസ്കാരികവുമായ മണ്ഡലങ്ങളിലാവും. അവർക്ക് കേരളവുമായുള്ള ആ ബന്ധം നിലനിർത്താനും, കേരള സമ്പദ്ഘടനയ്ക്ക് ആഭ്യന്തര പ്രവാസികളിൽ നിന്നും പ്രത്യക്ഷമായും ത്തിലും പരോക്ഷമായും ലഭിക്കുന്ന നേട്ടങ്ങൾ തുടരാനും കേരള സമൂഹത്തെയും ആഭ്യന്തര പ്രവാസികളെയും ഒരുമിപ്പിച്ചു നിർത്താൻ ഉതകും വിധത്തിൽ ക്രിയാത്മമായ പ്രവർത്തനങ്ങളും അതിനാവശ്യമായ ഭരണകൂട സംവിധാനങ്ങളും ഉയർന്നു വരേണ്ടതുണ്ട്.

## Reference

1. Census of India (2001), Data Highlights - Migration Tables D1, D1 (appendix), D2 and D3 Tables, Ministry of Statistics & Programme Implementation, Government of India.

2. Deepak M.J (2016), Non-Resident Malayalis in India: Data Sources and Trends, National Seminar on Domestic Malayali Migrants, April 2016, Mumbai.

3. NSSO (2010), Migration in India 2007-08 (July 2007 – June 2008), Report No. 533 (64/10.2/2), Ministry of Statistics & Programme Implementation, Government of India, June 2010.

4. Zacharia, K. C. and Rajan, S. Irudaya (2015), Dynamics of Emigration and Remittances in Kerala: Results from the Kerala Migration Survey 2014, WP 463, Centre for Development Studies, September 2015.

5. അന്യസംസ്ഥാന മലയാളികൾ കേരളത്തോടാവശ്യപ്പെടുന്നത്, മുംബൈ മലയാളി സംയുക്ത സമരസമിതി , ജൂൺ 2016

# കുറുവരികൾ

വി. വിശ്വനാഥൻ



**വിശപ്പ്**

വിശപ്പുമാത്രമായിരുന്നു
ഭക്ഷണത്തിന്റെ മുന്നിൽ തലകുനിച്ചത്

**സെൽഫി**

അങ്ങനെ ഒരു സെൽഫിയെടുക്കാൻ
മൊബൈയിലിനോടൊപ്പം
കൈ നീട്ടിപ്പിടിച്ചു

**ഇരട്ടപ്പേര്**

ശരിക്കുള്ള എന്റെപേര്
ആരും വിളിക്കാറില്ല
എന്റെ അഭാവത്തിൽ
പലരും പറയുന്നത്
ഇരട്ടപ്പേരെന്ന് സുഹൃത്ത് പറഞ്ഞു
അതിന്റെ അർത്ഥവും
സൗഹൃദം സമ്മാനിക്കുന്നു.

**അറബിയും ഒട്ടകവും**

തണുപ്പിനൊരു കുരമാത്രം

അറബി ഒട്ടകത്തിനു നല്കി

ഒട്ടകം അറബിയെ കണ്ടില്ല.

തണുപ്പിൽ കുര വിറച്ചു ചത്തു.

**ഗൌരി**

ഗൌരിയോട് ശിവനോതിയയാക്കഥ

കർക്കിടകത്തിൽ വായിച്ചിരിക്കവേ

ഗൌരിയോടുന്നുതിരിച്ചു സൗമമായ്

ശൌര്യമുള്ളയാപാർട്ടിയിലേക്കിതാ

**വാക്കുകൾ**

ഉപയോഗിച്ചു പഴകിയ വാക്കുകളാണ്

തെരുവിൽ പ്രയോഗത്തിൽ ഉള്ളത്

അതിലൊന്നാണ് നിങ്ങൾ കേട്ടത്

# മൊബൈൽ ഫോൺ

വിൽസൺ



ഒരു കഥയുടെ തുടക്കം മാത്രം ആവർത്തിച്ചാവർത്തിച്ച് വന്നുകൊണ്ടിരിക്കുമ്പോൾ കഥാകൃത്തും മുഖ്യകഥാപാത്രവുമായ സുകുമാരൻ നായർ സംഘർഷഭരിതനാവുക സ്വാഭാവികമാണല്ലോ. ഇത്തരം അവസരങ്ങളിൽ കഥയെങ്ങനെ ആവുമെന്നു ചിന്തിച്ചു വിഷമിക്കുന്നതിനേക്കാൾ നല്ലത് കഥയെ അതിന്റെ വഴിക്കുവിടുകയാണല്ലോ. കഥയുടെ തുടക്കം ഇങ്ങനെയാണ്.

സുകുമാരൻ നായർക്ക് ഓഫീസാവശ്യത്തിന് ദൂരെ ഒരു പട്ടണത്തിലേക്ക് പോകേണ്ടി വന്നു. ആ പട്ടണത്തെ ഒരു പേരിട്ടുവിളിക്കാമെന്നല്ലാതെ ആ പേരിനു മറ്റൊരു പ്രസക്തിയുമില്ലാത്തതുകൊണ്ട് പേരു പറയുന്നില്ല . പേരു മറന്നു പോയി എന്നതാണു സത്യം. പക്ഷേ, സുകുമാരൻ നായർ അവിടെ ജോലി ചെയ്തിട്ടുണ്ട്. ഒരുപക്ഷേ അതു തന്നെയാകും തന്നെത്തനെ അങ്ങോട്ടയക്കാൻ കാരണം എന്ന് സുകുമാരൻ നായർ കരുതി.

യാത്രക്കുള്ള ഒരുക്കങ്ങൾക്കിടയിൽ മൊബൈൽ ഫോൺ എടുക്കണമെന്ന് ഭാര്യ പ്രത്യേകം ഓർമ്മപ്പെടുത്തിയിരുന്നു. യാത്രാ സമയത്ത് മൊബൈൽ ഫോൺ നഷ്ടപ്പെടാതിരിക്കാൻ അയാൾ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഓരോ ഉപയോഗത്തിനുശേഷവും പാന്റിന്റെ പോക്കറ്റിലാണോ അതോ ഫോൺ സൂക്ഷിക്കാൻ പ്രത്യേകം വാങ്ങിച്ച പൗച്ചിലാണോ സൂക്ഷിക്കേണ്ടത് എന്ന് കുറച്ചാലോചിക്കേണ്ടി വന്നുഎന്നല്ലാതെ വിലപിടിപ്പുള്ള ഒ രുവസ്തുവിനെപ്പോലെ സൂക്ഷിക്കപ്പെട്ടാണ് കൊണ്ടുപോകപ്പെട്ടതെന്ന് അയാൾ ഓർക്കുന്നു. പട്ടണത്തിൽ സാമാന്യം ഭേദപ്പെട്ട ഹോട്ടലിലാണ് റൂമെടുത്തത്. മുറിയിൽ എത്തിയതിനു ശേഷം വീട്ടിലേക്കുവിളിക്കാൻ ആ ഫോൺ തന്നെയാണ് ഉപയോഗിച്ചതെന്ന് ഇപ്പോഴും അയാൾ ഓർക്കുന്നു.

പിന്നെ എപ്പോഴാണതു കാണാതായത്?

ഓഫീസിലേക്കുള്ള യാത്രാ സമയത്ത് ഫോൺ കൈവശം വച്ചിരുന്നു. അവിടെ ഫോൺ അനുവദനീയമല്ലെന്ന് ഊഹിച്ചെടുക്കാൻ അയാൾക്കു കഴിഞ്ഞില്ല. അയാൾ അവിടെ ജോലി ചെയ്തിരുന്ന സമയത്ത് മൊബൈൽ ഫോൺ പ്രചാരത്തിലുണ്ടായിരുന്നില്ല. പരിചയക്കാരായ സെക്യൂരിറ്റി ജീവനക്കാരെ ആരെയെങ്കിലും തിരയുകയല്ലതെ മറ്റൊരു പരിഹാരവും തോന്നാത്തതു കൊണ്ട് ജാള്യത നിറഞ്ഞ ചിരിയോടെ അയാൾ ജോസഫ്

തോമസ്സിനെ തിരക്കി. ജോസഫ് തോമസ്സിന് അപ്പോഴേക്കും സെക്യൂരിറ്റിഓഫീസറായി സ്ഥാനക്കയറ്റം ലഭിച്ചിരുന്നു.

അതിനെന്താ സുകുമാരൻ നായരെ, ഫോൺ ഇവിടെ സൂക്ഷിച്ചോളാം. നിങ്ങൾ പോയി ട്ടുവരൂ എന്ന് ജോസഫ് തോമസ് പറഞ്ഞത് അയാൾ ഇപ്പോഴും ഓർ ക്കുന്നു.

അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ പെരുമാറ്റം പക്ഷേ വിചിത്രമായിരുന്നു. ഇപ്പോൾ ഈ ഫയലുമായി നിങ്ങൾ വരേണ്ടിയിരുന്നില്ല ഈഫയൽ ഇവിടെ ഉണ്ടായിരുന്നല്ലോ സുകുമാരൻ നായരെ എന്ന് പറഞ്ഞതെന്തിനാണെന്ന് അയാൾ ക്കു മനസ്സിലായില്ല. പതിവിനു വിപരീതമായി വിചിത്രമായ ഒരുദാരത അയ്യാളുടെ പെരുമാറ്റത്തിലുണ്ടെന്ന് സുകുമാരൻ നായർക്കു തോന്നി.

ജോസഫ് തോമസ്സിന്റെയടുത്തു നിന്നും ഫോൺ വാങ്ങിച്ച് തിരിച്ചു പോന്നാൽ എല്ലാം ശുഭമായി പര്യവസാനിക്കുമായിരുന്നു. കാര്യങ്ങൾ അപ്പാടെ തിരിഞ്ഞു മറിഞ്ഞതവിടെയാണ്?

തിരിച്ച് സെക്യൂരിറ്റിയിൽ എത്തിയപ്പോൾ കഥ മാറുകയാണ്.

ജോസഫ് തോമസ് എന്ന സെക്യൂരിറ്റി ഓഫീസർ അവിടെ ഇല്ല എന്ന് സെക്യൂരിറ്റിയിൽ ഉണ്ടായിരുന്നവർ ആണയിട്ടു. ഡൊമിനിക്ക് ഡിസൂസ്സ ആയിരുന്നു അപ്പോൾ അവിടത്തെ സെക്യൂരിറ്റി ഓഫീസർ. ഞാൻ ഇവി ടെ ഒരു ഫോൺ സൂക്ഷിക്കുവാൻ തന്നിരുന്നല്ലോ എന്ന് തികച്ചും അപരിചിതനായ ഒരാളോട് ചോദിക്കാൻ അയാൾക്കു മനസ്സുവന്നില്ല. അയാൾ ഹോട്ടൽ മുറിലേക്ക് തിരിച്ചുപോകാൻ തീരുമാനിച്ചു.

തിരിച്ചുള്ളയാത്രയിൽ പുറംകാഴ്ച്ചകൾ അപരിചിതമാകുന്നതായി അയാൾക്കു തോന്നി. ഒരുവലിയ വളവുതിരിയുമ്പോൾ ഒരു കത്തോലിക്ക പള്ളി, അതിനോടു ചേർന്ന് ഒരു കല്യാണ മണ്ഡപം, പി ന്നെ കുറെ വെളിമ്പ്രദേശം ഇതൊക്കെ അയാൾ തേടിയെങ്കിലും ഒന്നും കണ്ടില്ല .വണ്ടി ഒരുപക്ഷേ തനിക്കപരിചിതമായ ഒരു പുതിയ റൂട്ടിലൂടെയാണ് പോകുന്നതെന്ന് അയാൾ സമാധാനിച്ചു.തിരിച്ച്

റൂമിലെത്തിയപ്പോൾ മോബൈൽ ഫോൺ വീണ്ടും അയാളെ അസ്വസ്ഥനാക്കാൻ തുടങ്ങി. മൊബൈൽ ഫോൺ എവിടെയാണ് മറന്നു വച്ചതെന്ന് അയാൾക്കോർത്തെടുക്കാൻ കഴിഞ്ഞില്ല. എങ്കിലും വീണ്ടും ഓഫീസിൽ പോയി സെക്യൂരിറ്റിയിൽ തിരക്കാൻ അയാൾ തീരുമാനിച്ചു .ആപ്പോഴേക്കും അയാൾ തന്റെ വീടിന്റെ ഫോൺ നമ്പറും മറന്നു കഴിഞ്ഞിരുന്നു.ഭാഗ്യത്തിന് അയാൾക്ക് തനിക്കു പോകേണ്ട ഓഫീസ് ഓർമ്മയുണ്ടായിരുന്നു. സംസ്ഥാനാന്തര രാജപാതയിലൂടെ ഏകദേശം അരമണിക്കൂർ യാത്രചെയ്താൽ ഒരു ചെറുപട്ടണത്തിൽ എത്തിച്ചേരും. അവിടെനിന്നും ഒരു കിലോമീറ്റർ നടന്നാൽ സ്ഥാപനത്തിന്റെ വലിയ ബോർഡു കാണാം. പിന്നെ ഇടത്തോട്ടുള്ള പാതയിലൂടെ 500മീറ്റർ

നടന്നാൽ മതി. പോരാത്തതിന് ഇടത്തോട്ടു ള്ള പാതയു ടെ ആരംഭത്തിൽ ഹൈവേയുടെ ഓരത്ത് വലിയവയറും ദേഹമാസകലം രോമവുമുള്ള ഒ രു മധ്യവയസ്കന്റെ ചായക്കടയുണ്ട്. സുകുമാരൻ നായർ അവിടെനിന്നും ഭക്ഷണം കഴിച്ചിട്ടുണ്ട്. മധ്യവയസ്കന്റെ ഭാര്യ സദാ ദൈന്യഭാവത്തോടെ ഹോട്ടലിലെത്തുന്നവർക്ക് ഭക്ഷണം വിളമ്പിക്കൊണ്ടിരുന്നു. പാചകവും അവർ തന്നെയാവണം ചെയ്യുന്നതെന്ന് അവരുടെ മുഷിഞ്ഞതും കരിപിടിച്ചതുമായ വസ്ത്രം കണ്ടപ്പോൾ അയാൾ ഊഹിച്ചു.

അയാൾ ആ ചെറുപട്ടണത്തിൽ ബസ്സിറങ്ങി. പിന്നെ സ്ഥപനത്തിന്റെ വലിയ ബോർഡു ലക്ഷ്യമാക്കി മുന്നോട്ടു നടന്നു. കൂടിയാൽ അരമണിക്കൂർ നടന്നാൽ ലക്ഷ്യത്തിലെത്താം. ഇപ്പോൾ അയാൾ ഒരു മണിക്കൂറിലേറെയായി നടക്കുകയാണ്. പാത വിജനമായിരുന്നു. വലിയ വേഗത്തിൽ വാഹനങ്ങൾ പോയിക്കൊണ്ടിരുന്നു. അയാൾ അസ്വസ്ഥനായി. സ്ഥാപനത്തിന്റെ വലിയ ബോർഡോ മധ്യവയസ്കന്റെ ചായക്കടയോ അയാൾ കണ്ടില്ല.

അയാളുടെ ഭാഗ്യത്തിന് കുറച്ചകലെ ഒരുഹോട്ടൽ ഉണ്ടായിരുന്നു. അയാൾ ഹോട്ടലിലെത്തി തെല്ലു പരിഭ്രമത്തോടെ സ്ഥാപനത്തേപ്പറ്റി ഹോട്ടലിലെ ജീവനക്കരോട് തിരക്കി. അങ്ങനെയൊരു സ്ഥാപനത്തെപ്പറ്റി അവർ കേട്ടിട്ടേ ഉണ്ടായിരുന്നില്ല.

പിന്നെയൊന്നും സുകുമാരൻ നായർ ഓർക്കുന്നുണ്ടായിരുന്നില്ല.

ഇപ്പോൾ മൊബൈൽ ഫോൺ നിർത്താതെ അടിക്കുന്നുണ്ട്. ഒപ്പം ഭാര്യയുടെ ശകാരവും.

"നിങ്ങൾക്കാ ഫോണെങ്കിലും ഒന്നെടുത്തൂകൂടെ?"



# Cancer, I wish it had a name...like an 'Apple' or a 'Strawberry'!

Prathibha Pradosh





"What's there in a name? That which we call a rose by any other name would smell as sweet." Juliet, I don't agree.

On a winter morning of February, I noticed, a swelling on my neck. My voice was hoarse for sometime, as well. Google diagnosis started ...'WebMD' did the trick – 'Run to Gurmeet. Forget health scheme - after all the neck is mine'

Fine needle picked up a crab- doctor explained. I was not much scared. I was aware beforehand; it could probably a species of crab – thanks to Google. Crabs are expanding their territories nowadays, so are the traps for them. So relax!

My home was overcrowded that evening (Proud to own a bunch of friends). Faces remained pale; eyes struggled to conceal the tears. Silence pertained between the words.... For next few days; telephonic conversations were stuck in silent sighs, sobs or screams, from the distant corners of earth. Many a time, I lost half of my energy in consoling the other person and convincingly explaining that 'it has a good prognosis'.

I realised, all the issues are concentrated on one single word which described the illness. That one word has immense capability to make anyone sweat out. It has created dreaded scars in almost everyone's mind. Rarely people witnessed the victim coming out of it well or even if it happened, later on surrendered to the relapses. The loss

witnessed has greater impact on the human mind than the positive outcome. “Cancers” have created the impression of reckless crabs hesitant to leave their hold on the victim. Although, the advances in medical field help in early detection and cure, the scare of the name resists to vanish. When the whirlwind of tensions settled, I wished, the simpler and easily curable forms of scary ‘C’ got renamed with a name opted from a different constellation other than the crab shaped 'Cancer' or with a name more appealing to the mankind -something like an 'Apple' or a ‘Strawberry’.

I asked myself ‘What if I was caught by a more aggressive crab?’ It could definitely be stressful. But...the only option will be, get it treated as early as possible and wait for things to fall in place again. Being scared will not save me in some way. So being cool is a better deal. I can't let the fear of the illness kill me than the illness itself.

Illness was there with in me for a long time, surfacing of the symptoms caused it to get noticed. So, no matter, face it, someday it may subside once again and hibernate within, if not – no option left out than learning to live with it. Better cope up with it, with a never fading smile.

On a lighter note,

Let me tell I had ‘Papillary Thyroid Strawberry’.

Yeah....you smiled. That is what I wished for....

Let’s go cool about ‘life’. We have only present moment to live. So keep this beautiful moment out of worries. Live life with unconditional love - forgive, forget and move on. Let’s live life without being carried away by the ups and downs.

Living one day at time will make everyone say "life is beautiful".

# ഇരുൾ രൂപം



## കീഴാറൂർ ചന്തു

"മാഡം ഇറങ്ങുന്നില്ലേ"

ഡ്രൈവറുടെ ശബ്ദം കേട്ട് അവൾ ഞെട്ടി ഉണർന്നു. ഓഫീസ് എത്തിയത് ഇന്നും അവൾ അറിഞ്ഞതേ ഇല്ല. ഇതിപ്പോൾ പതിവാണ്, ഓഫീസ് ബസ്സിൽ ഇരുന്നൊരു ഉറക്കം. രാത്രി വൈകി ഉറങ്ങിയതിന്റെ കണക്കുതീർക്കൽ.

അയാൾ ഇന്നും അവിടെ തന്നെ നിൽപ്പുണ്ട്...ബസ്സിലേയ്ക്ക് തുറിച്ചു നോക്കിയുള്ള നിൽപ്പ്. അവൾക്കാകെ അസ്വസ്ഥത തോന്നി. ഇയാളുടെ ഈ കാത്തു നിൽപ്പു കാരണം ഓഫീസിൽ വരാൻ തന്നെ തോന്നാണ്ടായിരിക്കുന്നു. ഒരു നരച്ച കാക്കി വേഷം - അതിർത്തി കാക്കുന്ന പട്ടാളക്കാരന്റെ ഭാവം. അവൾ പുച്ഛത്തോടെ മുഖം തിരിച്ചു.

ഇതിനു മുൻപുണ്ടായിരുന്ന നേപ്പാളി വാച്ച്മാൻ റിട്ടയർ ആയതിനു ശേഷമാണ് ഇയാൾ വന്നത്. പൊതുവേ ഇടിച്ചുകേറി സംസാരിക്കുന്നവരോട് അവൾക്കു പണ്ടേ മതിപ്പ് കുറവാണ്. ഇയാൾക്കാണെങ്കിലോ അതൊരു ശീലവും.

"മാഡം ഇന്ന് നേരത്തെയാണല്ലോ ..."

അവൾ ഒന്നും മിണ്ടാൻ പോയില്ല.

"ധൃതിയിലാവും അല്ലെ പോയിക്കോളു."

ഇയാൾ വിട്ടില്ലെങ്കിൽ തനിക്ക് ഇന്ന് ജോലിക്ക് കേറാൻ പറ്റാത്തത് പോലെ! അനുവാദം തരുന്ന പോലെയാണ് കിഴവന്റെ മട്ട്. ഇന്നത്തെ ദിവസ്സവും പോയി...

"മടുത്തു ഈശ്വരാ".... അവൾ പിറുപിറുത്തു.

എന്തേ ആൾക്കാർ ഇങ്ങനെ? ഒരാളിന് ഒരു കാര്യം ഇഷ്ടമില്ല എന്നുള്ളത് അവരുടെ പെരുമാറ്റത്തിൽ നിന്നും മനസ്സിലാക്കാൻ കഴിയില്ലേ! അവൾ ധൃതി വച്ച് ഗേറ്റ് കടന്നു. ഇഷ്ടമില്ലാത്ത സാഹചര്യങ്ങളിലെല്ലാം അവൾക്ക് ഒരു അനാവശ്യ ധൃതി ഉണ്ടെന്ന് അമ്മ എപ്പോഴും പറയും. ശരിയാണ്, കുഞ്ഞിലേ അവൾ സൃഷ്ടിച്ച ഒരു പ്രതിരോധ വിദ്യ ആണിത്. വടക്കതിലെ സുമതി ചേച്ചിയുടെ ഗൾഫ് ഭർത്താവിന്റെ കടന്നുകയറ്റങ്ങളിൽ നിന്നും ഈ വേഗത എത്രയോ തവണ തന്നെ രക്ഷിച്ചിരിക്കുന്നു.

ഇതുപോലൊരു ഓഫീസിന് എന്തിനാ ഇങ്ങനെ ഒരു വാച്ച്മാൻ! അയാളുടെ മകളുടെ പ്രായമേ ഉണ്ടാകൂ തനിക്ക്. എന്നിട്ടും ഒരു തറ പഞ്ചാര വർത്തമാനം. ഒന്ന് രണ്ടു തവണ വിചാരിച്ചതാണ് മാനേജരേ കണ്ടു പരാതി പറയണമെന്ന്.

കഴിഞ്ഞ ചൊവ്വാഴ്ച ലഞ്ചിനു കാന്റീനിൽ പോകുമ്പോൾ തൊട്ടു പിന്നിൽ ഇയാൾ, ദിവസ്സങ്ങളായി ഇടുന്ന മുഷിഞ്ഞ വസ്ത്രത്തിൽ വിയർപ്പിന്റെ ഉപ്പു പാടുകൾ ഭൂപടങ്ങൾ തീർത്തിരിക്കുന്നു. അടുത്തുവരുമ്പോൾ വിയർപ്പിന്റെ ഗന്ധം.

ഇയാൾക്കിത്തിരി ബോഡി സ്പ്രേ വാങ്ങി ഉപയോഗിച്ചാലെന്താ ...ചോദിച്ചില്ല

വഴി നീളെ ചോദ്യങ്ങളായിരുന്നു...എന്തിനു പഠിച്ചു.. വീട്ടിലാരൊക്കെയുണ്ട്... അധികം ചോദ്യങ്ങൾക്കും മറുപടി പറഞ്ഞില്ല. താൽപ്പര്യമില്ലായ്മ മനസ്സിലായെന്നു തോന്നി. അയാൾ എണീറ്റു പോയി.

എന്താ ആൾക്കാരിങ്ങനെ അവൾ ഓർത്തു. ഒരു ദിവസ്സം സുപ്രണ്ട് സുകുമാരൻ സാറിനോട് ഇയാളെ പറ്റി പറഞ്ഞു, സാറും പറഞ്ഞു അയാളുടെ പെരുമാറ്റം അത്ര നല്ലതല്ലെന്ന്. പ്രത്യേകിച്ച് സ്ത്രീകളോട്. സാറും അയാളെ ശ്രദ്ധിക്കാറുണ്ടത്രേ. ഒരു ദിവസ്സം ഞാനതങ്ങു തുറന്നു പറയും - എനിക്ക് ഈ കുശലന്വേഷണം അത്ര ഇഷ്ടമല്ലെന്ന്.

മനുവിനോട് ഇന്നലെ ചാറ്റ് ചെയ്തപ്പോൾ ഇയാളെ പറ്റി ഒരു സൂചന കൊടുത്തു, വേണമെങ്കിൽ ഓഫീസിൽ വന്നു അയാൾക്കൊരു താക്കീതു കൊടുക്കാമെന്നേറ്റു അവൻ. ചിലപ്പോഴൊക്കെ മനു വളരെ പോസ്സെസ്സീവ് ആയ ഒരാളെപ്പോലെ തോന്നും. ഒരുതരം ഓവർ പ്രൊട്ടെക്റ്റിംഗ്.

ഓഫീസിനുള്ളിലെ ശീതീകരിച്ച മുറിയിൽ ദിനകര സഞ്ചാരം അവൾ അറിയാറേ ഇല്ല, അല്ലെങ്കിലും സുമ മാഡം പ്രസവ അവധിയിൽ പ്രവേശിച്ചതിനു ശേഷം പിടിപ്പതു ജോലിയുണ്ട്.

വാച്ച് നോക്കി... സമയം ആറു മണി കഴിഞ്ഞിരിക്കുന്നു മറ്റു ഡസ്കുകൾ എല്ലാം ഒഴിഞ്ഞിരിക്കുന്നു. പ്യൂൺ പോലും സ്ഥലം വിട്ടിരിക്കുന്നു. ഇനി താക്കോൽ കൊടുക്കാൻ അയാളുടെ അടുത്ത് തന്നെ പോകണം. അതോർത്തപ്പോൾ തന്നെ അവളുടെ മനസ്സിൽ വല്ലാത്തൊരു മടുപ്പ് വന്നു നിറഞ്ഞു.

പെട്ടെന്നാണ് കറണ്ട് പോയത്, രാത്രി പ്രവർത്തനമില്ലാത്ത ഓഫീസ് ആതിനാൽ എമർജൻസി ലൈറ്റും ഇല്ല. ആകെ ഇരുട്ടായിരിക്കുന്നു. എന്തോ കരിയുന്ന മണം...

പുക കൊണ്ട് ശ്വാസം മുട്ടുന്നു. അവൾ അലറി വിളിച്ചു.

"തീ... തീ..."

ശബ്ദം തൊണ്ടയിൽ കുടുങ്ങുന്നു. കറുത്ത കട്ട പുക യമരൂപം പൂണ്ട് എത്തിയിരിക്കുന്നു. ആസന്നമായ മൃത്യുവിലേക്ക് അവൾ കണ്ണടച്ചു...ഇരുട്ട് സർവത്ര ഇരുട്ട്.

"കുഞ്ഞേ...കുഞ്ഞേ.."

അയാളുടെ ശബ്ദം.... ഓഹോ മരിച്ചാലും ഇയാൾ മനസ്സമാധാനം തരില്ലേ? കൂടെ പോന്നെന്നാ തോന്നണെ. മുഖത്ത് വരുത്താവുന്നതിൽ ഏറ്റവും വലിയ വിദ്വേഷം വരുത്തി അവൾ അയാളെ നോക്കി, വ്യക്തമാകുന്നില്ല മുഖം... ശരീരമാകെ നീറുന്നു. അയാളുടെ കൈകൾക്കുള്ളിലാണ് താനിപ്പോൾ.

"ഒന്നും പറ്റിയിട്ടില്ല കുഞ്ഞേ.... സാധാരണ പോകുന്ന നേരമായിട്ടും കാണാഞ്ഞിട്ട് ഞാൻ തിരക്കി ഇറങ്ങിയതാ..."

പുകയുടെ ഇരുളിൽ പിതൃ രൂപമായ് അയാൾ.

# ട്രാൻസ്പോർട്ടേഷൻ പ്രോബ്ലം



## പത്മകുമാർ

*(കഴിഞ്ഞ ലക്കത്തിൽനിന്നും തുടർച്ച...)*

ടാറ്റ അങ്ങിനെ ഹൈ അവൈലബിലിറ്റി ഫാക്ടറിൽ ഓടുന്ന കാലം. പവർ മാറ്റി, അവൈലബിലിറ്റി ആക്കിയാലെന്താന്ന തോന്നുന്നില്ലേ? ഇപ്പോൾ അവൈലബിലിറ്റിയാണത്രെ പ്രധാനം.

പഴയ പരീക്ഷണന പ്ലാന്റുകൾ എമ്പത്തും തൊണ്ണൂറും അവൈലബിലിറ്റി ശതമാനത്തിൽ ഓടുന്നു. കൺസ്യൂമറെ മാടി മാടി വിളിക്കുന്നു. എന്താണെന്നറിയില്ല, ആരും അടുക്കുന്നില്ല.

കാലത്തെയൊക്കെ വെല്ലുവിളിച്ച് നാൽവർ പട നയിച്ചിരുന്ന കാലം. പട പേടിച്ചു അണുശക്തിയിൽനിന്നു വന്നവർ നമ്മുടെ പന്തം കൊളുത്തിപ്പട കണ്ടു ആർപ്പു വിളിച്ചിരുന്ന കാലം. ആപ്പീസ് മുറിയിലെ പുഷ് ബാക് ശരശയ്യയിൽ, കാലെടുത്തു മേശപ്പുറത്തു വച്ചു നാമിതെല്ലാം കിടക്കിടെ അയവിറക്കാറുണ്ട്.

രാവിലെ സാഹചര്യങ്ങൾ അനുകൂലമായാൽ ഒരു ചായ കുടിക്കുന്ന ശീലം അന്നെല്ലാം എല്ലാർക്കും ഉണ്ടായിരുന്നു. അതായത്, പാൽ അതിരാവിലെതന്നെ പാൽക്കാരൻ പടിക്കൽ കലമുടക്കുന്ന മാതിരി എറിഞ്ഞിട്ടു പോകും. ആദ്യം എണീക്കുന്ന ദേഹം പടിവാതിൽ തുറന്നു നോക്കുമ്പോൾ ഒന്നുകിൽ ഒരു കാക്ക പ്ലാസ്റ്റിക് കവർ കൊത്തിക്കീറി, ചെരിഞ്ഞുകിടന്ന് ബദ്ധപ്പെട്ട് പാൽ കുടിക്കുന്ന കാഴ്ച കാണാൻ ഭാഗ്യമുണ്ടാകും, അല്ലെങ്കിൽ പാൽകവർ അപ്രത്യക്ഷമായിട്ടുണ്ടാകും.

കാക്ക കുളിച്ചാൽ കൊക്കാകില്ലെന്ന് പണ്ടാരോ പറഞ്ഞുതുലച്ചിട്ടുള്ളതുകൊണ്ട്, കാക്ക ലൈൻ ഒന്നു മാറ്റി നോക്കാൻ തീരുമാനിച്ചു. ദിവസവും പാൽ കുടിച്ചാൽ നിറം മാറിയേക്കാമെന്ന് പ്രോബബിലിസ്റ്റിക്കായി അങ്ങോട്ട് അസ്യൂം ചെയ്തു. പ്രാക്ടിക്കലിനായി എന്നും ടാറ്റായുടെ പടിവാതിലിൽ അതിരാവിലേ ഹാജർ വച്ചുപോന്നു. തന്റെ കഴുത്തും കാലും ചാരനിറമായതു കണ്ട്, അസ്സംഷൻ ശരിയായതിന്റെ സന്തോഷത്തിലാണ് ചരിഞ്ഞുകിടന്നുള്ള ഈ പാലുകുടിയെന്ന് ചുരുങ്ങിയ കലത്തെ പക്ഷി നിരീക്ഷണത്തിൽനിന്നും നമുക്കു മനസ്സിലായി. ഇതു മനസ്സിലാക്കിയത്. ഇടയ്ക്കിടെ ഈ കാക്ക താഴെയുള്ള ഒരു സ്കൂട്ടറിൽ കണ്ണാടി

നോക്കുന്നത് കണ്ടിട്ടാണ്. പക്ഷി നിരീക്ഷണത്തിൽ നമുക്കുള്ള കൗതുകം തെളിയിക്കാൻ ഇനിയേത് പക്ഷിയെ ഹാജരാക്കണം!

ഒരു ദിവസം ഈയുള്ളവനാണ് വാതിൽ തുറക്കാൻ ഭാഗ്യം കൈവന്നത്. അതാ അത്ഭുതകരയായിരിക്കുന്നു! പ്രോബബിലിറ്റി തിയറി പ്രൂവുചെയ്ത കാക്കയെ മറ്റുള്ളവർക്കു കാട്ടിക്കൊടുക്കാനായി എല്ലാവരെയും ഉണർത്തി. വരിവരിയായി എല്ലാരും, ലോകതത്വങ്ങളെ കിടിലം കൊള്ളിക്കാൻ കരുത്തുള്ള പുതിയ തെളിവ് ആദ്യമായിക്കണ്ട് മൂക്കത്തു വിരൽ വച്ചുപോയി! പബ്ലിഷ് ചെയ്യേണ്ടതെങ്ങിനെയെന്നായി നമ്മുടെ ചിന്ത. "സീയിങ് ഈസ് ബിലിവിങ്ങ്" എന്നല്ലേ പ്രമാണം.

"പപ്പാ, കുറച്ചുകൂടി കിടന്നുറങ്ങ്." സജീവാണ്. "തനിക്ക് ഇന്നലത്തെ കേട്ട് അഴിയാറായിട്ടില്ല എന്ന് തോന്നുന്നു. ഇതൊരു വെള്ളരിപ്രാവല്ലേ പപ്പാ? മനുഷ്യന്റെ ഉറക്കവും കളഞ്ഞല്ലോ." കാക്ക വീണ്ടും കുളി തന്നെ ട്രൈ ചെയ്യാമെന്നു തീരുമാനിച്ചിട്ടുണ്ടാകും. അക്കാലത്തൊന്നും ധാത്രി വിപണിയിലിറങ്ങിയിട്ടില്ലെന്ന് ഓർക്കണം.

ഏതായാലും താനിതൊക്കെ കഴുകി, ഒരുകവർ പാല് വാങ്ങി വാ. പോക്കിനിടയിൽ ഇതുതന്നെയായിരുന്നു ആലോചന. ഇന്നലെ കലാപരിപാടികൾ ഒന്നും ഇല്ലാതിരുന്നിട്ടുകൂടി ഇത്തരമൊരു അമളി എങ്ങിനെ പാറ്റി? അപ്പോഴാണ് ഓർത്തത്, ഓഫീസിൽ ബോസുമായുള്ള കമ്പാറ്റബിലിറ്റിക്കുവേണ്ടി വേണ്ടി ദിവസവും ഐക്യൂ കുറയാനുള്ള ഗുളിക കഴിക്കുന്ന കാര്യം. അതാണ് ഈ ഐഡന്റിഫിക്കേഷൻ പ്രോബ്ലം ഉണ്ടായത്. സമാധാനമായി. അല്ലാതെ കാക്കയുടെ പ്രോബ്ലം ഒന്നുമല്ല. പക്ഷെ, ചില ദിവസങ്ങളിൽ പാൽ കിട്ടാറേയില്ല. അതിനിനിയും സൊല്യൂഷൻ ആയിട്ടില്ല. പാൽക്കാരൻ ആണയിട്ടുപറയുന്നു, അവനെന്നും പാലിടുന്നുവെന്ന്, കേന്ദ്ര ഗവർമെന്റ് അവധി ദിവസങ്ങളുൾപ്പെടെ!

ഒരിക്കൽ, ഒരു ദീനരോദനം കേട്ടാണ് രാവിലെ ഉണർന്നത്. നല്ല പരിചയമുള്ള ശബ്ദം. "നമ്മുടെ വാച്ച്മാന്റെതല്ലേ ഈ ശബ്ദം!" ഈ ശബ്ദം കേട്ട്, കർത്താവാരെന്ന് കൃത്യമായി തിരിച്ചറിയാൻ കഴിയുന്ന ജെപി (അതായത് ഏകലവ്യനെപ്പോലെ ശബ്ദം കിറുകൃത്യമായി തിരിച്ചറിയാൻ കഴിയുമെങ്കിലും അസ്ത്രം തൊടുക്കാൻ കഴിയാതെ പോകുന്നത് ഗുരുദക്ഷിണയുടെ കാര്യത്തിലുണ്ടായ കശപിശയാണെന്ന് ജെപി) ആളെക്കാണാതെതന്നെ പാറഞ്ഞു. സംഭവം ശരിതന്നെ, ഒരാൾ കീഴോട്ടുനോക്കി ശരിവച്ചു. അതാ പാൽക്കാരനല്ലേ ഇടി കൊടുക്കുന്നത്? കൊള്ളുന്നത് വാച്ച്മാനും. വാദി പലപ്പോഴും പ്രതി ആകുന്നതുപോലെ.

അല്പനേരത്തിനുശേഷം വാച്ച് മാനെ കോളറിൽതൂക്കി പാൽക്കാരൻ പ്രത്യക്ഷപ്പെട്ടു.

"ഇവനാ സാറേ പാലടിച്ചു മാറ്റുന്നത്. ഇന്നു നാം ഒളിച്ചിരുന്നു കണ്ടുപിടിച്ചതാണ്. ഇവനെ വെളുപ്പിച്ചിട്ടുതന്നെ കാര്യം."

വാച്ച്മാൻ കരയാൻ തുടങ്ങി. "ബാൽ ബച്ചാ ഹേ സാബ്. ജിന്ദഗീ മേ അഭി കഭി ദൂധ് മത് പീയേഗാ. മാഫീ സാബ്." അങ്ങിനെ അതും സോൾവ് ആയി.

ഇതിനിടെ നമ്മുടെ ജ്ഞാനപീഠക്കാരന് ഒരു ജോലി തരമായി. ഗ്ലോബൽ ട്രാൻസ്പോർട്ടിങ് കമ്പനിയിൽ ട്രാൻസ്പോർട് സൂപ്പർവൈസറായി. ചരക്കുകൾ വിന്ധ്യ ഹിമാചല യമുനാ ഗംഗാ മുതൽ ദ്രാവിഡ ഉത്കല വംഗാ വരേയെത്തിക്കണം. ശമ്പളം കാശായും ഞംഞംമായും കൊടുക്കപ്പെടും. ആദ്യം ഒരുമാസം ട്രെയിനിങ്, അവരുടെ ഹെഡ്ഡാഫീസായ അഹമ്മദാബാദിൽ. അങ്ങിനെ ഒരു ചെലവെല്ലാം ക്രെഡിറ്റിൽ നടത്തി, കമ്പനി വക ടെമ്പോയിൽ അദ്ദേഹം അഹമ്മദാബാദിന് തിരിച്ചു.

അവിടെനിന്നും രണ്ടീസം കഴിഞ്ഞപ്പോൾ ഒരു ഫോൺ വന്നു, ആപ്പീസിലേക്ക്. ഇവിടെ പരമസുഖം. പിന്നെ, എന്നെ അന്വേഷിച്ചാരെങ്കിലും വന്നാൽ ഇല്ലെന്ന് പറഞ്ഞേരെയെന്നും. ഇല്ലെന്ന് നമുക്കും അറിയില്ലേ? പിന്നെന്തിനാണ് കൊച്ചുപിള്ളേരോടുംമറ്റും പറഞ്ഞുകൊടുക്കുന്നമാതിരി? ഇതിനുത്തരം രണ്ടുദിവസത്തിനകം തന്നെ കിട്ടി.

ഒരു വെള്ളിയാഴ്ച ദിവസം ഞങ്ങൾ നിയമം കയ്യിലെടുത്തു പുറത്തിറങ്ങാൻ തുടങ്ങുകയായിരുന്നു. (തെറ്റിദ്ധരിക്കല്ലേ! മൂന്നാലഞ്ചാറ് കുപ്പി ബിയർ എങ്ങിനെ കൊണ്ടുവരും? അതിനായി ഒരു ബിഗ്ഷോപ്പർ വാങ്ങിയിരുന്നു. വെള്ളിയാഴ്ചതോറും ഇത് കയ്യിലെടുക്കുമ്പോൾ നിയമം കയ്യിലെടുക്കുന്നതുപോലെ ഒരു സുഖം തോന്നാറുണ്ടായിരുന്നു) വാതിൽ തുറന്നതും രണ്ട് മാ. പോ (മഹാരാഷ്ട്ര പോലീസ്) പ്രത്യക്ഷ്യപ്പെട്ടു. ഒരു ഫോട്ടോ നോക്കി, നമ്മളെ മാറിമാറി നോക്കി.

"കായ് സാംഗീതല. മാലാ കായ് മൈതി?" എന്നെല്ലാം പറഞ്ഞു. ഫോട്ടോ നമ്മെ കാണിച്ചു. ഇവനെവിടെന്നാണു ചോദ്യം. അഹമ്മദാബാദിലേക്കു കെട്ടിയെടുത്തുവെന്നു പറയാൻ മറാത്തിയിൽ അല്പം ബുധിമുട്ടി. വന്നാലുടൻ സ്റ്റേഷനിലോട്ട് വരാനും പറഞ്ഞുപിടിപ്പിച്ചു.

നിയമം ഞങ്ങൾ താഴെ വച്ചു. എന്താണ് കാര്യമെന്ന് പിടികിട്ടിയില്ല. ഇനീ ഈ കഥാപാത്രത്തെയെങ്ങാനും കാണാതായോ? താഴെച്ചെന്ന് അവന്റെ വീട്ടിലേക്ക് ഫോൺ ചെയ്തു. കുഴപ്പമൊന്നുമില്ല. അവനിന്നലെയും ഫോൺ ചെയ്തിരുന്നുവത്രെ. "പ്രായപൂർത്തിയായവനല്ലേ, വിട്ടുകള," നമ്മൾ തീരുമാനിച്ചു.

സമാധാനമായി. ഞങ്ങൾ വീണ്ടും വീട്ടിൽ വന്ന് നിയമം കയ്യിലെടുത്തു. വീണ്ടും പുറത്തിറങ്ങാൻ നേരം അരോഗ ധൃഢഗാത്രരായ രണ്ടുപേർ വാതിലിൽ മുട്ടൻ തുടങ്ങുന്നു. പണ്ടത്തെ പവർമാൾട്ടിന്റെ പരസ്യത്തിലും, ഡബ്ലിയു ഡബ്ലിയു എഫിലും മറ്റുമേ ഇത്തരക്കാരെ കണ്ടിട്ടുള്ളൂ. ലൈവായിട്ട് ആദ്യമായിട്ടാണ്. എന്തര് മസില്.

"ടിയാൻ എവിടെ"? ഇത്തവണ ഹിന്ദിയിലാണ്.

ഒരാൾ നേരെ അകത്തുകയറി. അവന്റെ സൈസിൽ സന്തുഷ്ടരായ നമ്മളാരും തടഞ്ഞില്ല. നാൽവരേയും ഒറ്റക്കൈകൊണ്ട് ക്ലിപ്പിനു പിടിക്കാനുതകുന്ന അവന്റെ കരബലം നമുക്ക് ഈസിയായി സിമുലേറ്റ് ചെയ്യാവുന്നതാവുന്നു. എല്ലാ മുറികളിലും കയറി, അവൻ പുറത്തുവന്നു. "ചലോ, ഉസ്കോ ബോലോ ഹം ആയാഥാ കർക്കേ. ഫിർ മിലേംഗേ. സാലേക്കോ ടയർ നികൽനേക്കാ ക്യാ ജരൂരത് ഥാ? ബദ് കിസ്മത് ഹേ ഉസ്കാ, മാലൂം ഹേ? ഉസ്നേ കമ്പനീ ലോറി കാ സാരാ ടയർ നികൽകേ ബേച് ഡാല. ഉല്ലുകാ പഠാ...."

പിറ്റേന്ന് ഓഫിസിൽ ഫോൺ വന്നു. ഒരു കൈയബദ്ധം പറ്റിയത്രെ. അതായത്, ബുദ്ധിമാനായ ഈയുള്ളവൻ ലോറിയുടെ പിൻഭാഗത്തെ ഉള്ളകത്തെ രണ്ടേ രണ്ട് ടയറാണത്രേ ഊരി വിറ്റ് കാശാക്കിയത്. ഒരു ടയറിൽ മൂവ്വായിരം രൂപാ പോക്കറ്റിൽ. പിന്നെന്താച്ചാ, ഐക്യ കുറവുള്ള ക്ലീനർ ബാക്കി എല്ലാ ടയറുകളും വേറേ വിറ്റത്രേ. പഴയ കട്ടയൊട്ടിച്ച ടയർ ഇട്ടിരുന്നു കേട്ടോ, അല്ലാതെ കട്ടപ്പുറത്തൊന്നുമല്ല.

"ഇത് കമ്പനിക്കാർ എങ്ങനറിഞ്ഞു?" വെറും ക്യൂരിയോസിറ്റി.

ട്രാൻസ്പോർട്ടേഷൻ പ്രോബ്ലം, അതായത് രണ്ടു ടയറുകൾ ഒരേ സമയത് പഞ്ചർ. കാര്യപരിപാടികൾ ഊഹിച്ചെടുക്കാൻ ഇതിൽ എക്സ്പീരിയൻസുള്ള ഒരു മുൻ സൂപ്പർവൈസർ മില്ലീസെക്കന്റുകളെ എടുത്തുള്ളുവത്രേ! ആൾ ക്ലീനറടക്കം തടവിലാണ്. അക്കൗണ്ടുകളൊന്നും മരവിപ്പിക്കാനില്ലാത്തതിനാൽ ആളെത്തന്നെ മരവിപ്പിച്ചുകൊണ്ടിരിക്കുന്നു.

## QUIZ TIME  AFTER THE BREAK!

Dr. P. Harikumar



Sorry,
for the  short Commercial Break.
please dont take it to the heart
You are aware
that Heart is the most vital,
even more vital
than the most vital Brain.

Trust us,
the Fourth Estate
is the first to hate
any sort of Break,

except
Breaking News,
our survival straw
in the inimical competitions.
Pardon my brutal frankness;
'You are responsible for it '

Your likings today,
have
found the fulsomest fathoms
bstowing
better TRP ratings
on
Personal Comedy,
Personal Malady
and
Personal Sexual Fantasy.
How will we survive?

Now,
Please wait for
the most anticipated
Crore - Quiz Final Question!

after a very short break.
Welcome back.
The one Crore - Question
is

"What is the Best antidot
for Murders
by
No Evidence - left Cunnivance?"
Your time starts now.

The correct Answer is
'Murder
by All Evidence - leaviy
Cunnivance of the People!'

Sorry,
even the audience
had not the
Crore - Answer!

# നേരം

ബോബി വത്സരാജ്



അനുഭൂതിധന്യമാം ഈമരത്തണലിൽ ഞാൻ
തലചായ്ച്ചുറങ്ങിയല്പനേരം,
അഴലിന്റെ തെല്ലംശമില്ലാത്ത ഈ പുഴയിൽ
നീരാടി ഞാനല്പനേരം

എഴുതാത്ത കാവ്യത്തിൻ വരികളിലെവിടെയോ-
ഇടയുന്ന പതിരായി ജീവൻ
ഇരുളാണ്ട വഴിത്താരകളിലെവിടെയോ
ഒരു മിന്നാമിനുങ്ങായി നീയും

കരളിലെത്തീച്ചൂടിലൊരു ചെറുമഴയായി നീ പെയ്തിറങ്ങിയ നേരം,
കരുതാതെയെത്തിയൊരതിഥിയായ് നീയെൻ
പൊയ്കയിൽ നീന്തിത്തുടിച്ചൽപ്പനേരം

അറിയാതെ നിൻ വിരൽത്തുമ്പിൽ ഞാൻ
ഒരു കാവ്യ ശകലം തൊട്ടറിഞ്ഞ നേരം
അണിവിരലിൽ ഒരു ചെറുമോതിരമായ്
പതിഞ്ഞുറങ്ങാൻ മോഹിച്ചതെന്തേ?

അനുരാഗമഴയിൽ ഞാൻ നനഞ്ഞുനിന്നൊരാ നേരം,
ഒരു പുൽനാമ്പിലെ അമൃതതുള്ളിയായ് നീയെൻ
മിഴികളെത്തണുപ്പിച്ച നേരം നീ,
അരികിൽ നമ്രമുഖിയായതെന്തേ?

ഒരു നിമിഷം തരൂ നിന്നെപ്പുണരാൻ
എൻ ജീവൻ തരാം പകരം ഞാൻ
ഒരു ഹിമകണമായ് നിന്നിലലിയുവാൻ
എൻമനം വെമ്പുന്ന നേരം
നീയറിയുന്നുവോ നിന്നെ ഞാനെന്റെ
ആത്മാവിനെക്കാളേറെയിഷ്ടപ്പെടുന്ന പ്രിയേ...

# രണ്ടു ചെറുകഥകൾ

## നോബിൾ ജേക്കബ്ബ്



### അമളി

ഞാൻ ഒരിക്കൽ അതിരാവിലെ 6 മണിക്ക് മിലാനിൽ നിന്നും വെനീസിലേക്കു ട്രെയിൻമാർഗം യാത്രചെയ്യുക ആയിരുന്നു. നേരം വെളുത്തിരുന്നില്ല. ഞാൻ കയറിയ കംപാർട്മെന്റിൽ അധികം ആൾക്കാർ ഉണ്ടായിരുന്നില്ല. ഞാൻ ആ കംപാർട്മെന്റിന്റെ ഏകദേശം മധ്യഭാഗത്തായി ഒരുസ്ത്രീയുടെ അഭിമുഖമായി ഇരുപ്പുറപ്പിച്ചു.

കുറച്ചുസമയം കഴിഞ്ഞു വാഷ്റൂമിൽപോകണം എന്ന് എനിക്ക് തോന്നി. എന്റെ കൈയിൽ ഒരുബാഗ് ഉണ്ടായിരുന്നു, അതിൽ വിലപിടിപ്പുള്ള പലസാധനങ്ങളും ഉണ്ടായിരുന്നു. ഒരുനിമിഷം ഞാൻ ചിന്തിച്ചു ബാഗ് സീറ്റിൽ വെച്ചിട്ടുപോകണമോ അതോ വാഷ്റൂമിൽ കൂടെകൊണ്ടു പോകണമോ എന്ന്. (ആ സ്ത്രീ എങ്ങാനും ബാഗ് എടുത്തുകൊണ്ടുപോകുമോ എന്ന് ഞാൻ ഭയന്നു). ഒരു ദീർഘദൂര ട്രെയിൻ ആയിരുന്നതിനാലും എനിക്ക് ഇറങ്ങുന്നതിനു മുൻപ് കുറെ സ്റ്റോപ്പുകൾ ഉള്ളതിനാലും ബാഗ് അവിടെ വെച്ചിട്ട് ഉടൻ വരാം എന്ന് കരുതി ഞാൻ വാഷ്റൂമിൽ പോയി.

ഒരു മിനിട്ടിനുള്ളിൽ തന്നെ ഞാൻ വാഷ്റൂമിൽനിന്നും തിരികെ സീറ്റിൽ വന്നു. ഞാൻ സംശയിച്ചതുപോലെ എന്റെ ബാഗും ആ സ്ത്രീയും അവിടെ ഉണ്ടായിരുന്നില്ല. എനിക്ക് തല കറങ്ങുന്നതു പോലെ തോന്നി. ഞാൻ ഒരു നിമിഷം അവിടെ ഇരുന്നു ബോധം വീണ്ടെടുത്തു. എന്നിട്ടു എന്റെ സീറ്റ്നമ്പർ ഒന്നു കൂടി ഉറപ്പുവരുത്തി. "അതെ 34 തന്നെആണ്".

പിന്നീട് ഞാൻ വാഷ്റൂമിന്റെ അടുത്ത് പോയി അൽപസമയം ചിന്തിച്ചു. എന്തായാലും TC യെ കണ്ടുകംപ്ലൈന്റ്ചെയ്തേക്കാം എന്ന് വിചാരിച്ചു എതിർ ദിശയിലേക്ക് നടന്നുനീങ്ങി. അത്ഭുതം എന്ന് പറയട്ടെ എന്റെ ബാഗും ആ സ്ത്രീയും കംപാർട്മെന്റിന്റെ മദ്ധ്യഭാഗത്തു ഇരിക്കുന്നു. ഞാൻ സീറ്റ്നമ്പർ നോക്കി. അതെ 34 ആണ്.

എനിക്ക് പറ്റിയ അമളിയെ ഓർത്തു ഞാൻ ഇളഭ്യനായി. വാഷ്റൂമിൽ നിന്നും ഇറങ്ങിയ ഞാൻദിശമാറി എതിർഭാഗത്തേക്കാണ് പോയത് !!!

## ഒരു പെണ്ണ്കാണൽ

ജോലിയുമായുള്ള ബന്ധത്തിൽ, നാട്ടിൽ നിന്നും മുംബൈ നഗരത്തിലേക്ക് ചേക്കേറിയകാലം... ഗ്രാമാന്തരീക്ഷത്തിൽ വളർന്ന എനിക്ക് നഗരജീവിതവുമായി പൊരുത്തപ്പെട്ടുപോകുവാൻ നന്നേ പ്രയാസം ആയിരുന്നു..

ആ സമയത്തു, മുംബൈനഗരത്തിൽ വളർന്ന, മെഡിസിനിൽ ബിരുദമെടുത്ത, ഒരു പെൺകുട്ടിയുടെ വിവാഹാലോചന വന്നു. ആരോഗ്യപരമായ കാര്യങ്ങളിൽ മുൻതൂക്കം കൊടുക്കുന്ന ആൾ ആയതു കൊണ്ട് പെൺകുട്ടിയെ കാണുവാനായി, ഞാൻ ഒരു സുഹൃത്തിനെയും കൂട്ടി അവർ താമസിക്കുന്ന, ദാദറിൽ  ഉള്ള ഫ്ലാറ്റിൽ ചെന്നു.

ഒരു മുറിയും ഹാളും മാത്രം ഉണ്ടായിരുന്ന ആ വീടിനുള്ളിലേക്ക് കയറുവാൻ തന്നെ വളരെ പണിപ്പെടേണ്ടിവന്നു. ഞെക്കി ഞെരുങ്ങി ഞങ്ങൾ അടുത്ത് കണ്ട സോഫയിൽ ഇരുപ്പുഉറപ്പിച്ചു.

കുശലാന്വേഷത്തിനുശേഷം, പെൺകുട്ടിയുടെ പിതാവ് അവളെ വിളിച്ചു. ജീൻസും ടീഷർട്ടും ധരിച്ച, കുറച്ചു വണ്ണം ഉള്ള, ഒരു പെൺകുട്ടി കൈയിൽ ഒരു പ്ലേറ്റും ആയി കടന്നു വന്നു. അവളെ നോക്കേണ്ടതിനുപകരം അവളുടെ കൈയിൽ ഇരുന്ന പ്ലേറ്റിലേക്കായിരുന്നു എന്റെ കണ്ണുകൾ പോയത്.

പ്ലേറ്റിൽ നിറയെ സമൂസകൾ ആയിരുന്നു. ആ പ്ലേറ്റ് എന്റെ മുൻപിലേക്ക് നീട്ടിയപ്പോൾ, ഒരു സമൂസയിലെ പുഴുങ്ങിയ ആലൂ (potato), തല ഉയർത്തി എന്നെ നോക്കി കണ്ണ് ഇറുക്കി കാണിച്ചിട്ടു എന്നോടു പറഞ്ഞു "നമുക്ക് എന്നും നല്ല സുഹൃത്തുക്കൾ ആയി ഇവിടെ കഴിയാം".

എനിക്ക് ബോധം നഷ്ടപെടുന്നതുപോലെ തോന്നി. കുറച്ചു സമയം കഴിഞ്ഞു ബോധം വീണ്ടെടുത്തപ്പോൾ ഞാൻ എന്റെ സുഹൃത്തിന്റെ കാതിൽ മന്ത്രിച്ചു "അളിയാ...നമുക്ക് വേഗം ഇവിടെ നിന്ന് ഓടി രക്ഷപെടാം "....



## നേട്ടവും നഷ്ടവും

മായാദത്ത്

ഫ്ലാറ്റിനു മുകളിൽ
ഇത്തിരി വട്ടത്തിൽ മാത്രം
നീലാകാശം കണ്ടപ്പോൾ
ഓർമ്മകൾ എന്നിലേക്കിറങ്ങി വന്നു

എനിക്കു മുന്നിലൂടെ
ഓണക്കോടിയുടുത്തു
കുഞ്ഞു കാലുകൾ വച്ച്
ഞാൻ നടന്നു പോയി.
എന്റെ വലം കൈ
കൊച്ചേച്ചിയുടെ
മുതിർന്ന കൈക്കുള്ളിലായിരുന്നു.

ഞങ്ങൾ പേരറിയാത്ത
തടിച്ച മരങ്ങൾ
തിങ്ങി നിറഞ്ഞ സർപ്പക്കാവിലൂടെ
പുഴയോരത്തേക്കു നടന്നു.

അവിടെ പുഴവക്കിലെ
ചരൽക്കല്ലുകൾക്കിടയിലായ് ഉരുളൻ കല്ലുകൾക്കായി
ഞാൻ തേടിയലഞ്ഞപ്പോൾ
കൊച്ചേച്ചി സ്വപ്നത്തിൽ മുഴുകി
പുഴയോരത്തെ പാറക്കല്ലിലിരിക്കുകയായിരുന്നു.

ചേച്ചിയ്ക്ക് പുഴയുടെ സംഗീതം
ഇഷ്ടമാണെന്നെനിക്കറിയാമായിരുന്നു.

ഒടുവിൽ സന്ധ്യയാകാൻ തുടങ്ങിയപ്പോൾ
സർപ്പക്കാവിലൂടെ
ഭയന്നും വിറച്ചും
ഞങ്ങൾ നാലുകെട്ടിന്റെ ഇരുളറയിലെത്തി.

അവിടെ മുറുക്കാൻ ചവക്കുന്ന മുത്തശ്ശി
എനിക്കായ് കഥയുടെ
വർണ്ണച്ചെപ്പു തുറന്നു.

രാജകുമാരനോടൊപ്പം
നിധി തേടിയലഞ്ഞ്
തളർന്നുറങ്ങിയുണർന്നപ്പോഴേക്കും
ഞാനൊരു മുതിർന്ന കുട്ടിയായിരുന്നു.

പിന്നീട്, രാജനോടും ഗീതയോടുമൊപ്പം
ചളിവെള്ളം തെറിപ്പിച്ച്,
മഴ നനഞ്ഞ് സ്കൂളിലേക്ക് പോകാൻ തുടങ്ങി.

തുമ്പപ്പൂവും കാക്കാപ്പൂവും
കൃഷ്ണകിരീടവും
തേക്കിലക്കുമ്പിളിൽ
പറിച്ചെടുത്ത്
പൂ മണമുള്ള ഓണക്കാലത്തിലൂടെ
നടന്നു നടന്ന് ഞാൻ വളർന്നപ്പോൾ
നേട്ടത്തിന്റെ പട്ടികയിൽ
വലിയ പട്ടണത്തിലെ ജോലിയും
സ്ഥാനമാനങ്ങ ളുമുണ്ടായിരുന്നു.

നഷ്ടത്തിന്റെ പട്ടികയിൽ
മുത്തശ്ശിയും നാലുകെട്ടും
സർപ്പക്കാവും
പാടുന്ന പുഴയും
ഓണനിലാവും
പിന്നെ,
ഇവയെയൊക്കെ
ഒരുപാടിഷ്ടപ്പെട്ടിരുന്ന
എന്റെ മനസ്സുമുണ്ടായിരുന്നു.



Painting by Dr. Madhav B. Mallia

**സൂചന:** ഈ പ്രസിദ്ധീകരണത്തിലെ കൃതികളുടെയും അഭിപ്രായങ്ങളുടെയും പരിപൂർണ്ണ ഉത്തരവാദിത്വം അതിന്റെ രചയിതാക്കളിൽ നിക്ഷിപ്തമാണ്.